● 2025 ● ജനുവരി - ഫെബ്രുവരി ● പുസ്തകം: 08 ● ലക്കം: 01 ● RNI Regn No: KERMAL/2017/73545 ● വാർഷിക വരിസംഖ്യ₹ 60

താമരശ്ശേരി രൂപതാ മുഖപത്രം

# മലബാർ വിഷൻ

ഏവർക്കും പുതുവത്സര ആശംസകൾ



അതിഥി തൊഴിലാളികളുടെ സ്വന്തം ദീദി

പേജ് 5



കോഴിക്കർഷകരുടെ പണി എളുപ്പമാക്കി 'പൗൾട്രിമിത്ര'

പേജ് 7



അൽമായർ ഐക്യത്തോടെ ഉണരട്ടെ

പേജ് 6

# 2025 ജൂബിലി വർഷം

**'പ്രത്യാശയുടെ തീർത്ഥാടകർ' എന്ന പ്രമേയവുമായി സാർവത്രിക സഭയിൽ 2025 ജൂബിലി വർഷം ആഘോഷിക്കുകയാണ്. അഞ്ചു ഭൂഖണ്ഡങ്ങളിലേക്കും വിശുദ്ധ വർഷത്തിന്റെ സൂര്യോദയം സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നിന്നുള്ള മണിനാദത്തോടൊപ്പം ഒഴുകിപ്പരക്കുന്നു**

## കവർ സ്റ്റോറി



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

ക്രിസ്തു ജയന്തിയുടെ 2025-ാം വർഷത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ കൃപയുടെയും കൃതജ്ഞതയുടെയും ആത്മീയ നവീകരണത്തിന്റെയും ഒരു വിശുദ്ധ വർഷം പ്രഖ്യാപിച്ചിരിക്കുകയാണ്. വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ ഇക്കഴിഞ്ഞ കർത്താവിന്റെ സ്വർഗ്ഗാരോഹണ ദിവസം (2024 മെയ് 9), 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' (Spes non Confundit) എന്ന ബൂളയിലൂടെ പരിശുദ്ധ പിതാവ് ഈ വിശുദ്ധവർഷ പ്രഖ്യാപനം ഔപചാരികമായി നടത്തി.

2024 ഡിസംബർ 24-ന് ക്രിസ്മസ് സായാഹ്നത്തിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ ജൂബിലിയുടെ വിശുദ്ധ വാതിൽ തുറന്നതോടെ ജൂബിലി വർഷാചരണം ഔദ്യോഗികമായി ആരംഭിച്ചു. ഈ ആചരണത്തിലൂടെ, പ്രതീകാത്മകമായി, സഭ ഒന്നാകെ ക്രിസ്തുവിനെ രക്ഷയുടെ 'വാതിൽ' ആയി പ്രഘോഷിക്കുകയും, ആത്മീയ നവീകരണ യാത്രയിലേക്ക് എല്ലാ വിശ്വാസികളെയും ക്ഷണിക്കുകയും ചെയ്തു. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' (റോമ 5:5) എന്ന വചനത്തിൽ വേരൂന്നിയ പ്രമേയമാണ് ജൂബിലി വർഷം സ്വീകരിച്ചിരിക്കുന്നത്.

ക്രൈസ്തവപ്രത്യാശ ദൈവസ്നേഹത്തിൽ അടിസ്ഥാനമിട്ടിരിക്കുന്നു. ആയതിനാൽ ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപ്പെടുത്താൻ ഒന്നിനും സാധിക്കാതിരിക്കട്ടെ. പ്രത്യാശ വിശ്വാസത്തിൽ സ്ഥാപിതവും സ്നേഹത്തിൽ ബലപ്പെടുത്തപ്പെടുന്നതുമാണ്.

'ക്രൈസ്തവ ജീവിതത്തിന്റെ ഹൃദയം വെളിപ്പെടുത്താനാവുന്ന ദൈവീകസുകൃതങ്ങളാണ് വിശ്വാസം, പ്രത്യാശ, സ്നേഹം. ഇവയുടെ വേർപെടുത്താനാവാത്ത ഐക്യത്തിൽ, വിശ്വാസികളുടെ ജീവിതത്തിന് ആന്തരിക ദിശയും ലക്ഷ്യവും നൽകുന്ന സുകൃതം പ്രത്യാശയാണ്.' (Spes non Confundit, 18) പ്രത്യാശയിൽ നങ്കൂരമിടുന്ന ക്രൈസ്തവജീവിതം നാം നയിക്കണം. ക്രിസ്തീയ പ്രത്യാശ യേശുവിന്റെ മരണത്തിലും ഉത്ഥാനത്തിലും അധിഷ്ഠിതമാണ്, അത് നിത്യജീവന്റെ ഉറപ്പു നൽകുന്നു. പ്രശ്നബാധിത ലോകത്ത് പ്രത്യാശയുടെ വാഹകരാകുവാൻ ഓരോ ക്രിസ്ത്യാനിയും വിളിക്കപ്പെട്ടിരിക്കുന്നു. പ്രത്യാശയുടെ തീർത്ഥാടകർ എന്ന ആപ്തവാക്യത്തിന് അനുയോജ്യമാംവിധം ഓരോ ക്രൈസ്തവനും ജീവിക്കുമ്പോൾ ഈ ജൂബിലി ആഘോഷങ്ങൾ അർത്ഥവത്തായിത്തീരും.

പേജ് മൂന്നിൽ ▸

● ജൂബിലിവർഷ ആപ്തവാക്യം
● ജൂബിലി ലോഗോ
● ഭാഗ്യമുദ്ര



FREE @GERMANY

നഴ്സിംഗ് കഴിഞ്ഞവർക്ക് ജർമ്മൻ ഭാഷാ പഠനവും Registered Nurse ആയി ജോലിയും

+2 കഴിഞ്ഞാൽ ജർമ്മനിയിൽ നഴ്സിംഗ് പഠനം (All Ausbildung Courses)

ഡിഗ്രിയും മാസ്റ്റേഴ്സും

FOR MORE DETAILS

SCAN NOW

IELTS | OET | GERMAN | NCLEX-RN

JEREMIAH INTERNATIONAL ACADEMY

CONTACT NOW : +91 9567 113 001, +91 9567 313 002

KOZHIKODE | KOTTAYAM | KOCHI

jeremiah.co.in

## എഡിറ്റോറിയൽ

● പുസ്തകം: 8 ● ലക്കം: 1

# സ്വപ്നങ്ങളിലേക്ക് വാതിൽ തുറന്ന് നവവത്സരം

പ്രത്യാശയിലേക്ക് വാതിൽ തുറന്ന് ഒരു പുതുവത്സരംകൂടി പിറന്നു. പ്രതീക്ഷകളുടെ കൈപിടിച്ചു പ്രവേശിക്കുമ്പോൾ, പിന്നിട്ട വർഷത്തിന്റെ നഷ്ടങ്ങളും സങ്കടങ്ങളും ചോരപ്പാടുകളും നമ്മുടെ കൺമുൻപിൽ മായാതെ നിൽക്കുന്നുണ്ട്. ആധുനിക പ്രതിഭാസങ്ങളായ വ്യക്തിവാദം, സാമൂഹിക-സാമ്പത്തിക അസന്തുലിതാവസ്ഥ, മനുഷ്യജീവിതത്തെ ഭയപ്പെടുത്തുന്ന വിധമുള്ള വിവരസാങ്കേതികവിദ്യകളുടെ ഉപയോഗം, സമൂഹമാധ്യമങ്ങളുടെ അതിപ്രസരം ഇവയുടെ പിടിയിലമർന്ന് മനുഷ്യ സമൂഹത്തിന് പൊതുവേ മൂല്യബോധം നഷ്ടപ്പെടുന്ന സാമൂഹ്യ പശ്ചാത്തലത്തിലാണ് നവവത്സരത്തിലേക്ക് നാം പ്രവേശിക്കുന്നത്.

പോയ വർഷം നല്ലതും ചീത്തയുമായ പല കാര്യങ്ങളും സംഭവിച്ചിട്ടുണ്ടാകും. അതിൽ നല്ല ഓർമ്മകളെ മാത്രം കൂടെക്കൂട്ടുകയും ഓർക്കാൻ ആഗ്രഹിക്കാത്ത കാര്യങ്ങൾ മറന്നു കളയുകയും ചെയ്യാം. നമ്മൾ നല്ല പ്രതീക്ഷകൾ സൂക്ഷിക്കുന്നതോടൊപ്പം മറ്റുള്ളവർക്ക് സന്തോഷവും പ്രതീക്ഷയും നൽകുകയും വേണം.

പുതുവത്സരമെന്ന വാക്ക് നിറയ്ക്കുന്ന പ്രത്യാശ മറ്റൊരു പദത്തിനും നൽകാനാകില്ല. സത്യവും സമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും ഉൾപ്പെടെയുള്ള ഉന്നതമൂല്യങ്ങൾ ഹൃദയത്തിൽ സൂക്ഷിച്ച് കാരുണ്യവും കരുതലും കൈമുതലാക്കി ഈ കാലഘട്ടത്തിലെ സാമുദായികവും സാമൂഹികവും സാമ്പത്തികവുമായ പ്രതിസന്ധികളെ അതിജീവിച്ച് മുന്നോട്ട് നീങ്ങാനുള്ള അവസരമാണിത്. പഴയ കാലത്തിൽ നിന്ന് കരുത്താർജ്ജിച്ച് പുതിയ കാലത്തിലേക്കുള്ള പ്രയാണം.

പുതുവർഷത്തെ അനുഗ്രഹപൂർണ്ണമാക്കാൻ ആകുലതകളോട് വിട പറയാം. ദൈവഹിതം തിരിച്ചറിഞ്ഞ് ജീവിതത്തെ ക്രമപ്പെടുത്താം. കാരണം 'ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നു' (റോമ. 8:28).

നന്മയിൽ വളരുവാനുള്ള നമ്മുടെ സമർപ്പണത്തിന്റെ ആഴപ്പെടലാണ് നമുക്കാവശ്യം. ക്രിസ്താധിഷ്ഠിത ബോധ്യങ്ങൾ സമൂഹത്തിൽ ഗുണപരമായ വ്യതിയാനം ഉണ്ടാക്കും. നമുക്ക് ഈ ദേശത്തെ നവീകരിക്കാനുള്ള സ്വപ്നങ്ങൾ ദർശിച്ച് അതിനായി അക്ഷീണം യത്നിച്ച് നവവത്സരത്തിന്റെ സോപാനങ്ങൾ താണ്ടാം. പ്രത്യാശയോടെ നമുക്ക് നവവത്സരത്തെ എതിരേൽക്കാം.

# പുതുവർഷത്തിൽ പ്രത്യാശ നിറയട്ടെ

## ഇടയശബ്ദം



മാർ റെമിജിയോസ് ഇഞ്ചനാനിയിൽ

ദൈവാനുഗ്രഹത്തിന്റെ ഒരു വർഷംകൂടി കടന്നു പോകുന്നു. ഇതാ, പ്രതീക്ഷാനിർഭരമായ പുതുവർഷം. ഭൂമിയിൽ സ്നേഹവും സമാധാനവും സന്തോഷവും നിറഞ്ഞു വിളയാനുള്ള പ്രാർത്ഥനകളുമായി നമുക്ക് പുതുവർഷത്തെ എതിരേൽക്കാം.

നവവത്സരം ദൈവകൃപയുടെ ദിനങ്ങളാണ് സമ്മാനിക്കുന്നത്. സാർവ്വത്രിക സഭയിൽ ആരംഭിക്കുന്ന ആത്മീയതയുടെയും ജീവിത നവീകരണത്തിന്റെയും ജൂബിലി വർഷം പ്രത്യാശയുടെ ഉൽസവകാലമാണ്. മലബാർ കുടിയേറ്റത്തിന്റെ ശതാബ്ദിയും താമരശ്ശേരി രൂപത സ്ഥാപിതമായതിന്റെ നാൽപതാം വാർഷികവും പുതുവൽസരത്തിൽ ആരംഭിക്കുന്നു. ആഗോളസഭയിലും മലബാർ കുടിയേറ്റ ചരിത്രത്തിലും പ്രത്യേകിച്ച് നമ്മുടെ രൂപതയിലും ഇന്നുവരെ ദൈവം ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് ദൈവത്തിന് കൃതജ്ഞതയേകാം. നമുക്ക് 'അവിടുത്തെ കാരുണ്യത്തെ പ്രതിയും മനുഷ്യമക്കൾക്കായി അവിടുന്ന് ചെയ്ത അത്ഭുതങ്ങളെ പ്രതിയും നന്ദി പറയാം' (സങ്കീ. 107:15).

പോയ വർഷത്തിന്റെ നേട്ടങ്ങൾ തീർച്ചയായും നാം ഓർക്കേണ്ടതാണ്. പക്ഷേ, അതോടൊപ്പം ഇതിനിടെ ഉണ്ടായ കോട്ടങ്ങളെ ഈ നവവർഷത്തിലെങ്കിലും മറികടക്കുവാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. മെച്ചപ്പെട്ട ഭൗതികസൗകര്യങ്ങളും ജീവിത ശൈലിയിലെ കാലാനുസൃതമാറ്റങ്ങളും ലോകത്തോടൊപ്പം തലയുയർത്തി നിൽക്കാൻ മലയാളികളെ പ്രാപ്തരാക്കിയെങ്കിലും മനസ്സുകൾ ഇടുങ്ങിപ്പോയതും സ്വാർത്ഥതയേറിയതും ചുറ്റുപാടുമുള്ള ഇടറുന്ന കാഴ്ചകളാണ്. അപരരോട് കാണിക്കേണ്ട സ്നേഹത്തിന്റെയും കരുതലിന്റെയും മഴവില്ലുകൾ മാഞ്ഞുപോകാതിരിക്കാൻ നവവൽസരത്തിൽ നമ്മുക്കൊന്നുചേർന്ന് പരിശ്രമിക്കാം.

ഈ പുതുവർഷത്തിലും വരുംവർഷങ്ങളിലും ജനാധിപത്യത്തിന്റെ പതാക ലോകത്തിലെ ഏറ്റവും ദീപ്തമായ ജനാധിപത്യ രാഷ്ട്രത്തിൽ പാറണമെന്ന് നാം നമ്മെത്തന്നെ ഓർമ്മപ്പെടുത്തേണ്ട അവസരമാണിത്. അഖണ്ഡതയും ബഹുസ്വരതയുമാണ് ഇന്ത്യയുടെ ആധാരശിലകളെന്നത് ആരും വിസ്മരിക്കരുത്. അസഹിഷ്ണുതയ്ക്കും വൈരാഗ്യത്തിനും ഈ ദേശത്ത് സ്ഥാനമില്ലന്ന് ഉറപ്പിച്ചു വേണം നാം പുതുവർഷത്തിലേക്ക് പാദമൂന്നാൻ.

കേരളം സാമൂഹിക വളർച്ചയുടെ ഒട്ടേറെ പടവുകൾ കയറിപ്പോന്നുവെങ്കിലും നീതിഭംഗത്തിന്റെയും കണ്ണിൽച്ചോരയില്ലാത്ത ക്രൂരതയുടെയും എത്രയോ കളങ്കങ്ങൾ പോയ വർഷവഴിയിൽ വീണു കിടക്കുന്നുണ്ട്. പിതൃഹത്യയും മാതൃഹത്യയും ശിശുഹത്യയുമൊക്കെ മലയാളിക്ക് അപരിചിതമല്ലാത്ത കാര്യങ്ങളായിത്തീർന്നിരിക്കുന്നു. ചെറുതും വലുതുമായ പല പ്രശ്നങ്ങളും വർഗീയമാക്കാൻ ശ്രമിക്കുന്നതു പ്രബുദ്ധവും സംസ്കാരസമ്പന്നവുമെന്ന് അഭിമാനിക്കുന്ന കേരള സമൂഹത്തിന് നാണക്കേടു തന്നെയല്ലേ? സമത്വബോധവും സാഹോദര്യ മനോഭാവവുമാണ് കേരളത്തിന്റെ കരുത്ത്. ഈ നന്മകൾക്ക് പോറലേൽക്കാതെ കാത്തു സൂക്ഷിക്കുക എന്നതാണ് ഓരോ മലയാളിയും ജീവിതംകൊണ്ട് സ്വീകരിക്കേണ്ട മഹാദൗത്യം.

സഹജീവിസ്നേഹത്തിന്റെ സമർപ്പിത മുന്നേറ്റം കൊണ്ടു തോൽപിക്കാനാകാത്ത പ്രതിസന്ധികളില്ലെന്ന് ഈ പുതുവർഷ ആരംഭത്തിൽ ഓർമ്മിക്കാം. ഹൃദയത്തെ ഒപ്പം ചേർത്തു നിർത്തിയാണ് ശുഭ പ്രതീക്ഷകൾക്ക് നാം കൈകൊടുക്കേണ്ടത്. ഈ പുതുവത്സരം സ്നേഹലിപികളാൽ കേരളത്തെ അടയാളപ്പെടുത്തട്ടെ.

# ഒറ്റമരങ്ങളുടെ കാലം

## അകം പുറം



കെ.എഫ്. ജോർജ്

കഴിഞ്ഞമാസം 'ഹോർത്തൂസ്' എന്ന പേരിൽ കോഴിക്കോട് ബീച്ചിൽ മൂന്നു ദിവസം നീണ്ടു നിന്ന കലാ-സാഹിത്യ-സാംസ്കാരിക മേള നടക്കുകയുണ്ടായി. ഇന്ത്യയ്ക്ക് അകത്തും പുറത്തും നിന്നുമുള്ള പ്രഗൽഭർ പങ്കെടുത്ത ചർച്ചകളായിരുന്നു മേളയുടെ പ്രധാന ആകർഷണം.

സമകാലീന വിഷയങ്ങളെയും പ്രശ്നങ്ങളെയും ആസ്പദമാക്കിയായിരുന്നു ചർച്ചകൾ. ഇരുനൂറോളം വിഷയങ്ങളിൽ ചർച്ച നടന്നു. അതിൽ ഒരു വിഷയമായിരുന്നു 'എനിക്ക് കെട്ടേണ്ട'. പെൺകുട്ടികൾക്ക് കല്യാണത്തിൽ താൽപ്പര്യം കുറയുന്നതിന്റെ കാരണം തേടിയുള്ള ചർച്ചയിൽ പ്രശസ്ത എഴുത്തുകാരികളും വനിതാ നേതാക്കളും പങ്കെടുത്തു.

കാലം മാറി. പെൺകുട്ടികൾക്ക് ജോലിയും വരുമാനവുമുണ്ട്. പിന്നെ എന്തിന് സ്വന്തം താൽപ്പര്യങ്ങളും ഇഷ്ടങ്ങളും തുടരുന്നതിൽ വിഘ്നം സൃഷ്ടിക്കുന്ന വിവാഹമെന്ന ഇടപാടിൽ ജീവിതം കുരുക്കിയിടണമെന്നായിരുന്നു അവരുടെ വാദം. വിവാഹത്തോടെ വ്യക്തിത്വം അടിയറ വയ്ക്കേണ്ടി വരുന്നു. പല ഭർത്താക്കന്മാരും ഭാര്യമാരെ വളരാൻ അനുവദിക്കാതെ അവരോടു ക്രൂരമായി പെരുമാറുന്നു. പലരംഗത്തും മുമ്പന്മാരെന്നു മേനി നടിക്കുന്ന കേരളത്തിൽ നവവധുവിന്റെ ആത്മഹത്യ ഇടയ്ക്കിടെ നടക്കുന്നു. ഭർത്താവും ബന്ധുക്കളും ആക്രമിച്ചിട്ടും കുടുംബം തകരാതിരിക്കാൻ പലരും നിശബ്ദത പാലിക്കുകയാണ്.

എന്നാൽ പിന്നെ കെട്ടാതിരുന്നാൽ ഇഷ്ടത്തിനൊത്തു ജീവിക്കാമല്ലോ എന്നായിരുന്നു അവരുടെ നിലപാട്. മാത്രമല്ല, ഒരു പുരുഷനും സ്ത്രീയും കുട്ടികളും അടങ്ങിയ കുടുംബം എന്ന സംവിധാനമുണ്ടായിട്ട് അധികം കാലമായിട്ടില്ലെന്നും അവർ വാദിച്ചു. പല സമുദായങ്ങളിലും കുടുംബത്തിനു വളരെ അയഞ്ഞ സംവിധാനമായിരുന്നു. വേളിയ്ക്ക് പുറമേ സംബന്ധത്തിലും മക്കളുണ്ടാകുന്ന രീതി ഇതിന് ഉദാഹരണമായി അവർ ചൂണ്ടിക്കാട്ടി.

പല രാജ്യങ്ങളിലും വിവാഹം വേണ്ടെന്നു വയ്ക്കുന്നവരുടെ എണ്ണം ഉയരുന്നു. കുടുംബത്തിലൂടെ, മക്കളിലൂടെ, ജീവിതത്തിന് അർത്ഥം കണ്ടെത്തുന്ന രീതി പതുക്കെ അപ്രത്യക്ഷമാകുകയാണോ? 'പുര നിറഞ്ഞു നിൽക്കുന്ന പെണ്ണ്' എന്ന പ്രയോഗം 'പുര നിറഞ്ഞു നിൽക്കുന്ന ആണ്' എന്നതിലേക്ക് വഴിമാറി.

വിവാഹം കഴിച്ചാലും മക്കൾ വേണ്ട എന്നു തീരുമാനിക്കുന്ന ദമ്പതികളുമുണ്ട്. കുടുംബവും മക്കളുമില്ലെങ്കിൽ സമൂഹമില്ല. സമൂഹത്തിന്റെ അടിത്തറ ഉറപ്പിച്ചിട്ടുള്ള കുടുംബം എന്ന സങ്കൽപ്പം മാഞ്ഞ് ഇല്ലാതാകുകയാണോ?

പണ്ടു വിവാഹത്തിന് പരുവമായെന്ന് കരുതുന്ന പ്രായത്തിലൊന്നും കല്യാണം കഴിക്കാൻ പല പെൺകുട്ടികളും ഇപ്പോൾ തയ്യാറല്ല. തൊഴിലിൽ ഉദ്ദേശിച്ച ഉയർച്ചയിൽ എത്തിയ ശേഷം വിവാഹമെന്ന നിലപാടാണ് ചിലർക്ക്. പഴയ കുടുംബ രീതിയിൽ വളർന്നു വന്ന മാതാപിതാക്കൾക്ക് ഇത് അങ്കലാപ്പുണ്ടാക്കുന്നു. കുടുംബാന്തരീക്ഷത്തിൽ കണ്ണീരിനും അശാന്തിക്കും ഇത് കാരണമാകുന്നു.

വിവാഹത്തിനായുള്ള കാത്തിരിപ്പും ഒരുക്കകാലത്തെ മധുര സ്വപ്നങ്ങളും ബ്ലാക്ക് ആന്റ് വൈറ്റ് കാലത്തെ പഴയ സിനിമാപ്പാട്ടുകളിൽ മാത്രമായി ഒതുങ്ങി.

മണ്ണിലും വിണ്ണിലും വെള്ളത്തിലുമുള്ള ജീവജാലങ്ങളിൽ മാത്രമല്ല, സസ്യങ്ങളിൽപ്പോലും ആണും പെണ്ണുമുണ്ട്. ആൺവർഗത്തിന്റെയും പെൺവർഗത്തിന്റെയും പാരസ്പര്യത്തിലും സഹകരണത്തിലുമാണ് ഭൂമിയിൽ ജീവൻ പുലർന്നു പോകുന്നത്.

പ്രപഞ്ചത്തിലെ പുരുഷ-സ്ത്രീ ശക്തികളുടെ സമന്വയത്തെ പ്രതിനിധീകരിക്കുന്ന അർദ്ധനാരീശ്വര സങ്കൽപ്പമാണ് ഹൈന്ദവ ദർശനത്തിലുള്ളത്. പരമേശ്വരനേയും പാർവതിയേയുമാണ് ഇവിടെ അർധനാരീശ്വരന്മാരായി കണക്കാക്കുന്നത്. ഇവരുടെ പ്രണയത്തിന്റെ സാഫല്യമായും ഈ സങ്കൽപ്പം വ്യാഖ്യാനിക്കപ്പെടുന്നു.

സന്താനപുഷ്ടിയുള്ളവരായി പെരുകാൻ സ്ത്രീയും പുരുഷനുമായി മനുഷ്യനെ സൃഷ്ടിച്ചുവെന്ന് ബൈബിളും പഠിപ്പിക്കുന്നു.

കംപ്യൂട്ടറിന്റെയും അനുദിനം വികസിച്ചു വരുന്ന കൃത്രിമ ബുദ്ധിയുടെയും കാലത്ത് ഇണയെ ആശ്രയിക്കാതെ ഒറ്റയ്ക്ക് ആനന്ദവും ജീവിത പൂർണതയും എത്തിപ്പിടിക്കാമെന്നു മനുഷ്യന് തോന്നിത്തുടങ്ങിയിരിക്കുന്നു.

യൗവ്വനത്തുടക്കത്തിലാണ് ഒറ്റയ്ക്ക് ജീവിച്ച് മുന്നേറാമെന്ന് തീരുമാനിക്കുന്നത്. ജീവിതാവസാനം വരെയുള്ള നീണ്ടകാലം അപ്പോഴത്തെ ചോരത്തിളപ്പിൽ കണക്കുകൂട്ടലിൽ പെടണമെന്നില്ല. ആരോഗ്യം ക്ഷയിക്കുമ്പോഴും പ്രായമേറുമ്പോഴും താങ്ങും ആശ്വാസവും തരാൻ സൗഹൃദങ്ങൾ ഉപകരിക്കണമെന്നുമില്ല. സംഘർഷങ്ങളുണ്ടാകാമെങ്കിലും കുടുംബ ബന്ധങ്ങളിൽ ജൈവികമായ തുടർച്ചയുണ്ട്. തളർച്ചാ കാലങ്ങളിൽ അവിടവിടെ താങ്ങുമരങ്ങളുമുണ്ടായേക്കാം.

ഭൂമിയുടെ കറക്കംപോലെ ഇവിടെ ജീവന്റെ തുടർച്ചയും അനുസ്യൂതമായ ഒരു ഒഴുക്കാണ്. ഇതിനു തടസമുണ്ടാക്കുന്നത് അതിനാൽത്തന്നെ പ്രകൃതി വിരുദ്ധവും സ്വാർത്ഥവുമായ തീരുമാനമായി മാറുന്നു.

# ആത്മീയ വളർച്ചയ്ക്കുള്ള അവസരം

### ജൂബിലിവർഷ ആപ്തവാക്യം

2025 ജൂബിലി വർഷത്തിന്റെ ആപ്തവാക്യം 'പ്രത്യാശയുടെ തീർത്ഥാടകർ' (Pilgrims of Hope) എന്നതാണ്. സ്വയം നവീകരിക്കപ്പെടാനും, ദൈവവുമായുള്ള ബന്ധത്തിൽ ആഴപ്പെടാനും, അതുവഴി അവരുടെ ആത്മീയ യാത്രയിൽ കൂടുതൽ ശക്തിപ്പെടാനും, പ്രത്യാശയോടെ മുന്നോട്ടുനീങ്ങുവാനും ഈ ആപ്തവാക്യം എല്ലാ വിശ്വാസികളെയും ക്ഷണിക്കുന്നു. വിശ്വാസികൾ ഒരു തീർത്ഥാടക സംഘത്തെപ്പോലെ ഒരുമിച്ച്, വിശ്വാസത്തിൽ സഞ്ചരിക്കണമെന്ന് ജൂബിലി ലോഗോ വിഭാവനം ചെയ്യുന്നു.

വെല്ലുവിളികൾ നിറഞ്ഞ വർത്തമാന ലോകത്തിൽ, ഒരുമിച്ച് നടക്കുന്നതിലും പ്രത്യാശയുടെ പരിവർത്തന ശക്തിയാൽ നയിക്കപ്പെടുന്നതിലും പ്രത്യേക പ്രാധാന്യമുണ്ട്.

പ്രത്യാശയുടെ സാക്ഷികളാകാനുള്ള ആഹ്വാനവുമാണ് ഈ ജൂബിലി. സ്നേഹവും ഐക്യവും ജീവകാരുണ്യ പ്രവർത്തനങ്ങളും വഴി ക്രിസ്തുവിൽ നാം കണ്ടെത്തുന്ന സന്തോഷത്തിന്റെയും കൃപയുടെയും പുനർനിർമ്മാണത്തെ ഇത് ലക്ഷ്യം വയ്ക്കുന്നു. വിശ്വാസ സമൂഹത്തിന് പാപമോചനത്തിലൂടെ അനുരഞ്ജനത്തിന്റെ പാതയിലേക്ക് കടന്നു വരാൻ കഴിയുന്ന കൃപയുടെ സമയമാണിത്.




### ജൂബിലി ലോഗോ

ലോകമെമ്പാടുനിന്നും ലഭിച്ച നിരവധി ചിത്രങ്ങളിൽ നിന്ന് ഇറ്റലിയിലെ പുഗ്ളിയ സ്വദേശി ജാക്കാമോ ത്രവിസാനി വരച്ച ചിത്രമാണ് ജൂബിലി വർഷ ലോഗോയായി തെരഞ്ഞെടുത്തത്. പ്രത്യാശയുടെയും രക്ഷയുടെയും ഉറവിടമായി ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്ന ചലനാത്മകമായ ഒരു കുരിശാണ് ലോഗോയുടെ മധ്യഭാഗത്തുള്ളത്. ലോഗോയിൽ ഭൂമിയുടെ നാലു കോണുകളിൽ നിന്നും വരുന്ന, മുഴുവൻ മനുഷ്യരാശിയെയും പ്രതിനിധീകരിക്കുന്ന നാലു മനുഷ്യ രൂപങ്ങൾ ഉണ്ട്. ഈ രൂപങ്ങൾ ഒരു ഒരു വൃത്തം രൂപീകരിക്കുന്നു.

ഈ വൃത്തം സഭയുടെ ഐക്യം, സാർവത്രികത, എല്ലാവരെയും ഉൾക്കൊള്ളുന്ന മനോഭാവം, തീർത്ഥാടന സ്വഭാവം എന്നിവ സൂചിപ്പിക്കുന്നു. എല്ലാ ജനങ്ങളെയും ഒന്നിപ്പിക്കേണ്ട ഐക്യദാർഢ്യവും സാഹോദര്യവും സൂചിപ്പിക്കാൻ ഈ നാലു പേരും പരസ്പരം ആലിംഗനം ചെയ്യുന്നുണ്ട്. മുന്നിലെ വ്യക്തി കുരിശിനെ ആലിംഗനം ചെയ്യുന്നു. ഈ ആലിംഗനം വിശ്വാസത്തിന്റെ അടയാളം മാത്രമല്ല, ഒരിക്കലും ഉപേക്ഷിക്കാൻ കഴിയാത്ത പ്രത്യാശയുടെ അടയാളം കൂടിയാണ്. കാരണം നമ്മുടെ ജീവിതത്തിലെ ഏറ്റവും ബുദ്ധിമുട്ടേറിയ നിമിഷങ്ങളിൽ പ്രത്യാശ നമ്മെ തളരാതെ മുന്നോട്ട് നയിക്കും. ജീവിത തീർത്ഥാടനം എല്ലായ്പ്പോഴും ശാന്തമായും സുഗമമായും നടക്കുന്നില്ല എന്ന വസ്തുതയെ സൂചിപ്പിക്കുന്ന പരുക്കൻ തിരമാലകൾ ഇവിടെ കാണാം.

കുരിശിന്റെ താഴത്തെ ഭാഗം നീളമേറിയതും തിരമാലകളിലേക്ക് നീണ്ടുനിൽക്കുന്ന നങ്കൂരത്തിന്റെ ആകൃതിയിലേക്ക് മാറിയതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നങ്കൂരം പ്രത്യാശയുടെ പ്രതീകമായി അറിയപ്പെടുന്നു. തിരമാലകളും കൊടുങ്കാറ്റുകളും അലട്ടുന്ന ഈ ലോകയാത്രയിൽ, നങ്കൂരമിട്ട് നിൽക്കുന്ന കുരിശ് ഓരോ വ്യക്തിക്കും പ്രത്യാശയുടെ ഉറപ്പുള്ള അഭയകേന്ദ്രമാണ്. ലോഗോയുടെ ചുവടെ 2025 ജൂബിലി വർഷത്തിന്റെ മുദ്രാവാക്യം പച്ച നിറത്തിൽ എഴുതിയിരിക്കുന്നു: Pilgrims of Hope. ഈ ലോഗോയുടെ ഊർജ്ജസ്വലമായ ബഹുവർണ്ണ രൂപകൽപന ആഗോള കത്തോലിക്കാ സമൂഹത്തിനുള്ളിലെ സന്തോഷവും സംസ്കാരങ്ങളുടെ വൈവിധ്യവും പ്രതിഫലിപ്പിക്കുന്നു.

### ഭാഗ്യമുദ്രയായി ലൂച്ചെ



ഇറ്റാലിയൻ കലാകാരനായ സിമോൻ ലെഗ്നോയാണ് ഭാഗ്യമുദ്രയായ ലൂച്ചെ രൂപകൽപ്പന ചെയ്തത്. പ്രതീക്ഷാ നിർഭരമായ മുഖഭാവമുള്ള ഒരു കൊച്ചുതീർത്ഥാടകയാണ് ലൂച്ചെ. മഞ്ഞ നിറത്തിലുള്ള മഴക്കോട്ടു ധരിച്ച് കുഞ്ഞു കുരിശുരൂപം അണിഞ്ഞ്, പ്രത്യാശയുടെ തീർത്ഥാടനത്തെ സൂചിപ്പിച്ച് കയ്യിലൊരു ഊന്നുവടിയും പിടിച്ചിരിക്കുന്നതായാണ് ലൂച്ചെയെ ചിത്രീകരിച്ചിരിക്കുന്നത്.

**പുതിയ വീട് വിൽപ്പനയ്ക്ക്**

കുന്നമംഗലം ടൗണിൽ നിന്ന് 1 കിലോമീറ്റർ ദൂരത്തിൽ പുതിയ വീട് വിൽപ്പനയ്ക്ക്. 2400 സ്ക്വയർ ഫീറ്റ്, ഇരുനിലവീട്, 3 ബാത്ത് അറ്റാച്ച്ഡ് ബെഡ്റൂം, കിണർ, ചുറ്റുമതിൽ, വാട്ടർകണക്ഷൻ എന്നീ സൗകര്യങ്ങൾ


വിവരങ്ങൾക്ക്
8891726816



# 'അവൻ നമ്മെ സ്നേഹിച്ചു'

**ഈശോ ഏറ്റവും മൂല്യം കൽപ്പിച്ച മനുഷ്യന്റെ ആന്തരിക ചൈതന്യമായ ഹൃദയത്തെ ആഴത്തിൽ കണ്ടെത്താൻ 'ദിലേക്സിത്ത് നോസ്' എന്ന ചാക്രിക ലേഖനത്തിലൂടെ പരിശുദ്ധ പിതാവ് ഏവരേയും ക്ഷണിക്കുന്നു.**

കലഹങ്ങളും സംഘർഷങ്ങളും നിറഞ്ഞ ആധുനിക ലോകത്ത് ക്രിസ്തുവിന്റെ മുറിവേറ്റ ഹൃദയം സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സുവിശേഷമാണെന്ന് ഓർമിപ്പിക്കുന്നതാണ് ഒക്ടോബർ 24-ന് പ്രസിദ്ധീകരിച്ച ഫ്രാൻസിസ് മാർപാപ്പയുടെ നാലാമത്തെ ചാക്രിക ലേഖനം 'ദിലേക്സിത്ത് നോസ്' (അവൻ നമ്മെ സ്നേഹിച്ചു). മാനവരാശിയോടുള്ള വ്യവസ്ഥകളില്ലാത്ത സ്നേഹത്താൽ മുറിവേറ്റ ക്രിസ്തുവിന്റെ തിരുഹൃദയത്തെപ്പറ്റിയുള്ള ആഴമേറിയ ചിന്തകളാണ് അഞ്ച് അധ്യായങ്ങളുള്ള ചാക്രിക ലേഖനത്തിന്റെ ഉള്ളടക്കം.




ഈശോയുടെ തിരുഹൃദയത്തിന്റെ ദൈവികവും മാനുഷികവുമായ സ്നേഹത്തെക്കുറിച്ച് നാം തീവ്രമായി ചിന്തിക്കണം. അഗാധമായ മനുഷ്യത്വമാണ് ക്രിസ്തുവിനെ ക്രിസ്തുവാക്കുന്നതും ക്രിസ്തുവിന്റെ ഹൃദയത്തെ തിരുഹൃദയമാക്കുന്നതും. ഏറ്റവും ആഴമുള്ള മനുഷ്യത്വം പ്രകടമാകുന്ന നിമിഷത്തിലാണ് ക്രിസ്തുവിന്റെ ദൈവികത ഏറ്റവും സ്പഷ്ടമായി വെളിപ്പെട്ടത്. തിരുഹൃദയത്തിന്റെ മാനുഷികവും ദൈവികവുമായ സ്നേഹത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ചാക്രിക ലേഖനം ആഹ്വാനം ചെയ്യുന്ന വലിയൊരു സത്യമുണ്ട്, സ്നേഹം ഹൃദയത്തിൽ നിന്നാകുമ്പോൾ മനുഷ്യബന്ധങ്ങൾ വജ്രം പോലെ തിളങ്ങുമെന്നും മനുഷ്യഹൃദയങ്ങളെ അതുവഴി കീഴടക്കാൻ ആകുമെന്നും ചാക്രിക ലേഖനം ഓർമ്മപ്പെടുത്തുന്നു.

ഈശോയുടെ പാർശ്വത്തിൽ നിന്ന് ഒഴുകിയ രക്തവും വെള്ളവും നിലയ്ക്കാത്ത സ്നേഹപ്രവാഹത്തിന്റെ പ്രതീകമാണ്. അതിന്റെ ചാലുകളുമായി ആ നിത്യസ്നേഹത്തെ എവിടെയും എത്തിക്കുന്ന ജീവനുള്ള മിഷണറിമാരാകാൻ പാപ്പ നമ്മോട് ഇതിലൂടെ ആഹ്വാനം ചെയ്യുന്നു. ലോകത്തെ സ്നേഹത്തിൽ കീഴടക്കാനുള്ള പ്രേഷിത ദൗത്യമാണ് ഇന്നിന്റെ ആവശ്യം.

എല്ലാവരോടും സ്നേഹവും കരുണയും കാണിച്ച ഈശോയുടെ തിരുഹൃദയത്തിൽ നിന്നാണ് മനുഷ്യകുലത്തിന് മുഴുവനായുള്ള രക്ഷ ഒഴുകി വന്നത്. അപരനിലേക്ക് ഒഴുക്കുന്ന സ്നേഹത്തിലൂടെയാണ് നാം പൂർണ്ണ അർത്ഥത്തിൽ നമ്മളാകുന്നത്. ഈശോയുടെ സ്നേഹം നാം ധ്യാനിക്കുമ്പോൾ അവിടുത്തെ ദൈവിക സ്നേഹവും മാനുഷിക സ്നേഹവും മനസിലാക്കുവാൻ മാംസളമായ ഈശോയുടെ ഹൃദയം എന്ന പ്രതീകം നമ്മെ സഹായിക്കുന്നു.

ക്രിസ്തുവിന്റെ സ്നേഹത്തിന്റെ വിവിധ മാനങ്ങൾ ഇവയാണ്: ശാരീരിക ഹൃദയത്തിൽ നിന്നുള്ള വൈകാരിക സ്നേഹം, ഇരുതലങ്ങളിലുള്ള മാനുഷികവും ദൈവികവുമായ അവിടുത്തെ സ്നേഹം, മാനുഷിക സ്നേഹം. തിരുഹൃദയത്തോടുള്ള സ്നേഹം ത്രിതൈ്വക ദൈവാധിഷ്ഠിതമാണ്. പതിനൊന്നാം പീയൂസ് മാർപാപ്പയോട് ചേർന്ന് ഫ്രാൻസിസ് പാപ്പ നമ്മെ ഓർമിപ്പിക്കുന്നു, 'തിരുഹൃദയത്തോടുള്ള ഭക്തി നമുക്ക് ക്രൈസ്തവ ജീവിതത്തിന് അനിവാര്യമാണ്. കർത്താവിന്റെ ദൈവിക മാനുഷിക രഹസ്യത്തിലേക്ക് തുറക്കുന്ന വിശ്വാസവും ഭക്തിയും പ്രകടമാക്കുവാൻ വ്യാപ്തിയുള്ളതാണത്. അതേ, തിരുഹൃദയം സുവിശേഷത്തിന്റെ സമന്വയമാണ്. ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി നവീകരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യംകൂടിയാണ്. ആത്മാവില്ലാത്ത ഒരു ആത്മീയതയുടെ ആവിഷ്ക്കാരം സമൂഹത്തിൽ വർധിച്ചു വരുമ്പോൾ അതിനെ പ്രതിരോധിക്കാൻ ഇത് സഹായകരമാകും.

വിശുദ്ധ ഗ്രന്ഥത്തിലും സഭയുടെ ജീവിക്കുന്ന പാരമ്പര്യത്തിലും സഭാപഠനത്തിലും തിരുഹൃദയ സ്നേഹം അനാവരണം ചെയ്യുന്നു. ആദിമ ക്രൈസ്തവരോടൊപ്പം മുറിവേറ്റ ക്രിസ്തുവിനെയും പിളർക്കപ്പെട്ട അവിടുത്തെ പാർശ്വത്തെയും നമുക്ക് തിരിച്ചറിയാം. ദൈവം തന്നെയാണ് ജീവജലത്തിന്റെ ഉറവ. 'ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല.' (യോഹ. 4:14) അവിടുന്ന് സ്നേഹത്തിന്റെ ദാഹശമനിയാണ്. സഖറിയാ പ്രവാചകന്റെ പുസ്തകത്തിൽ ജറുസലേമിനു നൽകുന്ന വാഗ്ദാനം ഇതാണ്, 'ഞാൻ ദാവീദ് ഭവനത്തിന്റെയും ജറുസലേം നിവാസികളുടെയും മുമ്പിൽ കൃപയുടെയും പ്രാർത്ഥനയുടെയും ചൈതന്യം പകരും. അപ്പോൾ നിങ്ങൾ കുത്തി മുറിവേൽപ്പിച്ചവനെ നോക്കി ഏകജാതനെപ്രതി എന്ന പോലെ അവർ കരയും. പാപത്തിൽ നിന്നും അശുദ്ധിയിൽ നിന്നും ദാവീദ് ഭവനത്തെയും ജറുസലേം നിവാസികളെയും കഴുകി വിശുദ്ധീകരിക്കാൻ ഒരു ഉറവ പൊട്ടിപ്പുറപ്പെടും.' പിളർക്കപ്പെട്ട ഈശോയുടെ ഹൃദയം നിലയ്ക്കാത്ത സ്നേഹപ്രവാഹത്തിന്റെ ഉറവയായി നിലകൊള്ളുന്നു. സഭയിലെ വിശുദ്ധർ ഈശോയുടെ മുറിവേറ്റ പാർശ്വം പരിശുദ്ധാത്മാവിന്റെ നീരുറവയാണെന്ന് വിശ്വസിക്കുന്നു. വിശുദ്ധ അഗസ്തീനോസ്, ക്രിസ്തുവിന്റെ മുറിവേറ്റ ഹൃദയം കൃപാവരത്തിന്റെയും കൂദാശകളുടെയും ഉറവിടം മാത്രമല്ല ദൈവവുമായുള്ള നമ്മുടെ വ്യക്തിപരമായ കണ്ടുമുട്ടൽ നടത്തുന്ന കേന്ദ്രം കൂടിയാണെന്ന് വെളിപ്പെടുത്തുന്നു.

തിരുഹൃദയ സ്നേഹസാമ്രാജ്യം എന്ന ക്രൈസ്തവ സന്ദേശം തികച്ചും ആകർഷകമാണ്. ഈ സാമ്രാജ്യം ലോകം മുഴുവൻ വ്യാപിപ്പിക്കുവാൻ ഓരോ സഭാംഗത്തിന്റെയും പരിപൂർണ്ണ സമർപ്പണം അത്യന്താപേക്ഷിതമാണ്. ക്രൈസ്തവർ നൽകുന്ന ജീവിത സാക്ഷ്യത്തിലൂടെ സ്നേഹം എല്ലാ ഹൃദയങ്ങളിലേക്കും ഒഴുക്കപ്പെടുകയും നീതി, സമാധാനം, സാഹോദര്യം ഇവയിൽ അധിഷ്ഠിതമായ സ്നേഹം രൂപപ്പെടുകയും ചെയ്യുന്നു.

നമ്മുടെ ഹൃദയത്തിന്റെ ആഴം അളക്കുന്ന അവിടുത്തെ പരിപാലന വളരെ വലുതാണ്. നഥാനിയേലിനോട് ഈശോ പറഞ്ഞതുപോലെ, 'നീ അത്തിമരത്തിന് ചുവട്ടിലിരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു' (യോഹ. 1:48). നമ്മുടെ നല്ല നിയോഗങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളും അവിടുന്ന് കാണുന്നുണ്ട്. ഈശോയുടെ ഹൃദയത്തിൽ നിന്നുള്ള വചസ്സുകൾ നമുക്കേറെ ആശ്വാസദായകവുമാണ്. 'അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം' (മത്താ. 11:28). ഈശോയുടെ സ്നേഹം ഏറ്റവും വാചാലമാകുന്നത് കുരിശിലാണ്. 'സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല' (യോഹ. 15:13). സ്വന്തം പാപങ്ങൾക്കുവേണ്ടിയല്ല മറ്റുള്ളവരുടെ പാപങ്ങൾക്കുവേണ്ടി ഈശോ കുരിശിൽ മരിച്ചു. പുതുവത്സരത്തിൽ നാളിതുവരെയുള്ള ജീവിതവും പ്രവർത്തനങ്ങളും വിലയിരുത്തി തുടർന്നുള്ള ജീവിത യാത്രയിൽ അവിടുന്ന് നമ്മെ സ്നേഹിച്ചതുപോലെ അതിലൂടെ ഹൃദയങ്ങൾ കീഴടക്കുന്നവരാകുവാൻ നമുക്കും സാധിക്കട്ടെ. അപരർക്ക് അനുകൂലമായി ചിന്തിച്ച് അവരിലേക്ക് സ്നേഹത്തിന്റെ നീർച്ചാലുകൾ ഒഴുക്കുന്ന തിരുഹൃദയ ഭക്തരായി നമുക്ക് മാറാം.

# നേടിയെടുക്കാം സെക്രട്ടറിയേറ്റ് സർവീസ്

**കേരളത്തിന്റെ ഭരണസിരാകേന്ദ്രമായ സെക്രട്ടറിയേറ്റിൽ മികച്ച കരിയർ സാധ്യതകൾ തുറക്കുന്ന സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് പരീക്ഷയ്ക്ക് ഒരുങ്ങാം**

## കരിയർ കോർണർ



**സുബിൻ മാത്യു കൂനംതടത്തിൽ**

വൻസാധ്യതകൾ തുറക്കുന്ന പരീക്ഷയാണ് കേരള പിഎസ്സി നടത്തുന്ന സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് പരീക്ഷ. സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് തസ്തികയിൽ സർവീസ് ആരംഭിക്കുന്ന വ്യക്തിക്ക് കുറഞ്ഞ സമയത്തിനുള്ളിൽ സെക്ഷൻ ഓഫീസറായി പ്രമോഷൻ ലഭിക്കുന്നു. പിന്നീട് അണ്ടർ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി തസ്തികളിലേക്ക് വരെ പ്രമോഷൻ ലഭിക്കും. ചെറുപ്രായത്തിൽ സർവീസിൽ കയറുന്നവർക്ക് ഐഎഎസ് ലഭിക്കാനും സാധ്യതയുണ്ട്.

സെക്രട്ടറിയേറ്റിലെ ജോലി വഴി സംസ്ഥാനത്തെ തന്ത്രപ്രധാനമായ തസ്തികകളിലേക്ക് എത്തിപ്പെടാൻ സാധിക്കും. മുഖ്യമന്ത്രിയുടെ ഓഫീസ്, ആഭ്യന്തര വകുപ്പ്, ധനവകുപ്പ്, റവന്യൂ വകുപ്പ് തുടങ്ങി എല്ലാ ഭരണ വിഭാഗ ഓഫീസുകളിലെ നിർണ്ണായക ചുമതലകൾ വഹിക്കുന്നത് സെക്രട്ടറിയേറ്റ് സർവീസിലുള്ളവരാണ്. സർക്കാരുകൾ മാറിമറിഞ്ഞാലും ഭരണത്തിന്റെ ചുക്കാൻ പിടിക്കുന്നത് ഈ ഉദ്യോഗസ്ഥ വിഭാഗമാണ്.

കേരള പിഎസ്സി നടത്തുന്ന പരീക്ഷകളിൽ കെഎഎസ് കഴിഞ്ഞാൽ ഏറ്റവും മികച്ച തസ്തികകളിലേക്കുള്ള പരീക്ഷയാണിത്. നാലു വർഷത്തിൽ ഒരിക്കൽ നടത്തുന്ന ഈ പരീക്ഷയുടെ വിജ്ഞാപനം 2024 ഡിസംബർ 31-ന് പുറത്തിറങ്ങി.



### പരീക്ഷാ ഘടന

പ്രിലിംസ്, മെയിൻസ്, ഇൻറർവ്യൂ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായാണ് പരീക്ഷ. നൂറു മാർക്ക് ചോദ്യങ്ങളുള്ള പ്രിലിംസ് പരീക്ഷ 2025 ഏപ്രിൽ/ ജൂൺ മാസത്തിൽ നടക്കും. അതിനുശേഷം നൂറു മാർക്കിന്റെ രണ്ട് പേപ്പറുകൾ അടങ്ങിയ മുഖ്യ പരീക്ഷ ആഗസ്റ്റ്/സെപ്റ്റംബർ മാസങ്ങളിൽ നടത്താനാണ് സാധ്യത. മൂന്നാംഘട്ടമായി ഇൻറർവ്യൂ. അതിനു ശേഷം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും. സെക്രട്ടറിയേറ്റ് ജോലിയിൽ പ്രവേശിക്കുന്നവർ ഭാവിയിൽ ഉന്നത തസ്തികയിൽ പ്രവർത്തിക്കേണ്ടവരായതിനാലാണ് ഇത്തരമൊരു പരിഷ്കാരം നടപ്പാക്കുന്നത്.

കൃത്യമായ സ്റ്റഡിപ്ലാനോടെ ശരിയായ വിധത്തിൽ പഠനം ആരംഭിച്ചാൽ നേടിയെടുക്കാവുന്നതേയുള്ളൂ സെക്രട്ടറിയേറ്റ് സർവീസ്. കേരളത്തിലെ മികച്ച തസ്തികകളിലേക്കുള്ള ഈ പരീക്ഷ ഇനി നാലു വർഷങ്ങൾക്കു ശേഷം മാത്രമാണ് ഉണ്ടാകുക. അതിനാൽ ഇപ്പോൾ ലഭിച്ചിരിക്കുന്ന ഈ സുവർണാവസരം പരമാവധി പ്രയോജനപ്പെടുത്താം.

*(സെക്രട്ടറിയേറ്റ് ഉദ്യോഗസ്ഥനാണ് ലേഖകൻ)*

# അതിഥിത്തൊഴിലാളികളുടെ സ്വന്തം 'ദീദീ'

**അതിഥിത്തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യമിട്ട് കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് നസ്രത്ത് ബാംഗ്ലൂർ പ്രൊവിൻസ് അംഗം സിസ്റ്റർ ഗ്രേസി പ്രേഷിത വഴിയിലെ തന്റെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.**

**ജോസഫ് കിഴക്കേക്കര**

*മൂന്നു കുഞ്ഞുങ്ങളടങ്ങുന്ന തന്റെ കുടുംബത്തെ നല്ല നിലയിൽ പരിപാലിക്കണമെന്ന ആഗ്രഹത്തോടെയാണ് ജാർഖണ്ഡുകാരൻ രാംദാസ് ജോലി തേടി കേരളത്തിലെത്തിയത്. കോഴിക്കോട് റെയിൽവേ സ്റ്റേഷനിലിറങ്ങി ഏജന്റിനൊപ്പം തിരുവമ്പാടിയിലെ പണി സ്ഥലത്തേക്ക് വണ്ടി കയറി. പക്ഷെ, അബദ്ധത്തിൽ അയാൾ കോഴിക്കോട് മെഡിക്കൽ കോളജ് സ്റ്റോപ്പിൽ ഇറങ്ങി. ഭാഷയറിയാതെ കുഴങ്ങി. എങ്ങോട്ടെന്നില്ലാതെ നടന്ന് നടന്ന് രാത്രിയോടെ കുണ്ടനാരി എന്ന ഗ്രാമത്തിലെത്തി. കള്ളനെന്ന് കരുതി നാട്ടുകാർ പിന്തുടർന്നു. രക്ഷപ്പെടാനായി ഓടുന്നതിനിടെ അയാൾ കിണറ്റിൽ വീണു. പേടികൊണ്ട് ആ രാത്രി മുഴുവൻ കിണറ്റിൽ കഴിച്ചു കൂട്ടി. പിറ്റേന്ന് രാവിലെ വെള്ളംകോരാനെത്തിയവർ കിണറ്റിൽ രാംദാസിനെ കണ്ട് ഭയന്നു. അവർ വിവരം അറിയിച്ചത് അനുസരിച്ച് പൊലീസ് രാംദാസിനെ കസ്റ്റഡിയിലെടുത്തു. ഇതിനകം രാംദാസിന്റെ സമനില തെറ്റിയിരുന്നു. കോടതി നടപടികൾ പൂർത്തിയാക്കി പൊലീസ് രാംദാസിനെ കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിലെത്തിച്ചു. വാർത്തയറിഞ്ഞ് സിസ്റ്റർ ഗ്രേസി രാംദാസിനെ തേടിയെത്തി. ഉറാവു ഭാഷയിൽ അവർ സംസാരിച്ചു. നാടും വീടും ചോദിച്ചറിഞ്ഞ ഗ്രേസി ജാർഖണ്ഡിലെ ഒരു എംഎൽഎയുമായി വിഷയം സംസാരിച്ചു. അദ്ദേഹം രാംദാസിന്റെ വീട് കണ്ടെത്തി ബന്ധുക്കളെ കേരളത്തിലേക്ക് അയച്ചു. മാനസിക ആരോഗ്യകേന്ദ്രത്തിൽ അണഞ്ഞുപോകുമായിരുന്ന രാംദാസിന്റെ ജീവിതത്തിന് പുതുവെട്ടമേകിയത് സിസ്റ്റർ ഗ്രേസിയാണ്.*

ഇത് ഒരു രാംദാസിന്റെ മാത്രം കഥയല്ല. തൊഴിൽ തേടി കേരളത്തിലെത്തി, അബദ്ധം പിണഞ്ഞ് ജീവിതം തന്നെ നഷ്ടമാകുമെന്ന് ഭയപ്പെട്ട ഒരുപിടി അതിഥിത്തൊഴിലാളികളുടെ ജീവിതംകൂടിയാണ്. ഛത്തീസ്ഗഡ് സ്വദേശി രാജു റാം ഒറാവു, ജാർഖണ്ഡുകാരൻ സോമനാഥ് കിസ്കു, ഒഡീഷയിൽ നിന്നെത്തിയ പ്രായപൂർത്തിയാകാത്ത നാലു പെൺകുട്ടികൾ ഇവരെല്ലാം ജീവിതം തിരികെ പിടിച്ചത് സിസ്റ്റർ ഗ്രേസി പകർന്ന കൈത്തിരി വെട്ടത്തിൽ നിന്നാണ്.

2015 മുതൽ അതിഥിത്തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യമിട്ട് കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് നസ്രത്ത് ബാംഗ്ലൂർ പ്രൊവിൻസ് അംഗം സിസ്റ്റർ ഗ്രേസി പ്രേഷിതവഴിയിലെ തന്റെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.

## മിഷണറിയാകാൻ കൊതിച്ച ബാല്യം

കോതമംഗലം കുത്തുകുഴി തോമ്പ്രക്കുടി ജോസഫ്–ഏലിക്കുട്ടി ദമ്പതികളുടെ മകളാണ് സിസ്റ്റർ ഗ്രേസി. അഞ്ച് സഹോദരിമാരും ഒരു സഹോദരനുമുണ്ട്. സഹോദരിമാരിൽ നാലു പേർ വിവാഹിതരായി. ഒരു സഹോദരി സിസ്റ്റേഴ്സ് ഓഫ് നോട്ടർഡാം സന്യാസിനി സമൂഹാംഗമാണ്. പ്രാരംഭ വിദ്യാഭ്യാസം നെല്ലിമറ്റം സ്കൂളിലും ഹൈസ്ക്കൂൾ വിദ്യാഭ്യാസം കോതമംഗലം സെന്റ് അഗസ്റ്റിൻസ് ഗേൾസ് ഹൈസ്ക്കൂളിലുമായിരുന്നു. മാർ അത്തനേഷ്യസ് കോളജിൽ നിന്ന് ഇക്കണോമിക്സിൽ ബിരുദം പൂർത്തിയാക്കി.



സിസ്റ്റർ ഗ്രേസി എസ്‌സിഎൻ

'പ്രേഷിത കേരളം, കുഞ്ഞു മിഷണറി മാസികകൾ മുടങ്ങാതെ വായിക്കുമായിരുന്നു. മിഷണറിയാകണമെന്ന ആഗ്രഹം എന്നിൽ ജനിപ്പിച്ചത് ആ മാസികകളാണ്. നിരവധി മിഷണറിമാരുടെ അനുഭവങ്ങൾ ഈ മാസികളിലൂടെ എനിക്ക് വായിക്കാൻ സാധിച്ചു. എന്റെ ദൈവവിളിയെ സ്വാധീനിച്ചത് ഈ അനുഭവങ്ങളാണ്.'

കോളജ് പഠനം പൂർത്തിയാക്കി പാറ്റ്നയിലെ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് നസ്രത്ത് സന്യാസ സമൂഹത്തിൽ ചേർന്നു. ബോംബെ യൂണിവേഴ്സിറ്റിയിൽ നിന്ന് എംഎസ്ഡബ്ല്യു പഠനം പൂർത്തിയാക്കി.

മിഷണറിയായി ജോലി ചെയ്യണമെന്ന് അധികാരികളെ അറിയിച്ചിരുന്നു. നോവിഷ്യേറ്റ് കഴിഞ്ഞ ഉടനെ ആദിവാസികൾ അധിവസിക്കുന്ന ജാർഖണ്ഡിലെ ഒരു മേഖലയിലേക്ക് സുവിശേഷ പ്രഘോഷണത്തിനായി അയച്ചു. അവിടെ സന്താൾ ആദിവാസികളോടൊപ്പം താമസിച്ച് സ്ത്രീ ശാക്തീകരണത്തിനായി പ്രവർത്തിച്ചു.

## അതിഥിത്തൊഴിലാളികളുടെ ദീദീ

2015–ലാണ് കേരളത്തിലേക്ക് വരുന്നത്. അതിഥിത്തൊഴിലാളികളുടെ ഇടയിൽ പ്രവർത്തിക്കാനായി നിയോഗിക്കപ്പെട്ടു. മലാപ്പറമ്പിലെ അസംപ്ഷൻ സിസ്റ്റർമാരോടൊപ്പമായിരുന്നു താമസം. മലാപ്പറമ്പിലെ ഈശോസഭ വൈദികരുമായി ചേർന്ന്, അവരുടെ സാമൂഹിക സേവന വിഭാഗമായ എസ്ആർസി വഴി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.



സിസ്റ്റർ ഗ്രേസി അതിഥിത്തൊഴിലാളികളോടൊപ്പം

'സന്താളി ഭാഷയിലും ജാർഖണ്ഡിലെ മറ്റ് ഭാഷകളിലും എനിക്കുള്ള അറിവ് ഇവിടെ പ്രവർത്തിക്കുമ്പോൾ വളരെയേറെ ഉപകാരപ്രദമായി. ക്രിസ്ത്യാനികളായ അതിഥിത്തൊഴിലാളികൾ കൂടുതലായും അധിവസിക്കുന്നത് കോഴിക്കോട്ടെ മാവൂർ, കൽപ്പള്ളി, മലപ്പുറത്തെ എടവണ്ണപ്പാറ എന്നീ പ്രദേശങ്ങളിലാണ്. അവരെ സന്ദർശിച്ച് പള്ളിയിലേക്ക് ക്ഷണിച്ചു. അവർക്കായി എല്ലാ മാസവും ആദ്യത്തെ ഞായറാഴ്ച പെരുവയൽ പള്ളിയിൽ ഹിന്ദിയിൽ കുർബാന അർപ്പിക്കുന്നു. അതിനു മുമ്പ് കുമ്പസാരത്തിനൊരുക്കുകയും ബൈബിൾ ക്ലാസ് നൽകുകയും ചെയ്യുന്നു. മാസാവസാന ഞായറാഴ്ച കോൺവെന്റുകളിലും മറ്റും ജോലി ചെയ്യുന്ന പെൺകുട്ടികൾക്കായി കോഴിക്കോട് ക്രൈസ്റ്റ് ഹാൾ ചാപ്പലിൽ ഹിന്ദി കുർബാന അർപ്പിക്കുന്നു. മീറ്റിങ്ങും നടത്തുന്നു. എസ്ആർസി തങ്ങളുടെ രണ്ടാമത്തെ വീടായാണ് തൊഴിലാളികൾ കരുതുന്നത്. ഈസ്റ്റർ, ക്രിസ്മസ് പോലുള്ള ആഘോഷാവസരങ്ങൾ ക്രൈസ്റ്റ് ഹാളിൽ ഒത്തുചേർന്ന് ഞങ്ങൾ ആഘോഷിക്കും. നാനൂറോളം പേർ ആഘോഷങ്ങളിൽ പങ്കെടുക്കാനായി എത്താറുണ്ട്.'

## ജാതി മത ഭേദമില്ലാതെ സഹായം

'കോഴിക്കോട് ജില്ലയിൽ ഏകദേശം രണ്ടര ലക്ഷത്തോളം അതിഥിത്തൊഴിലാളികളുണ്ടാകും. ഇതിൽ എല്ലാ മതവിഭാഗക്കാരും ഉൾപ്പെടുന്നു. സഹായം ചോദിക്കുന്ന ഏതു മതത്തിലുള്ളവർക്കും സഹായം എത്തിക്കാൻ ശ്രദ്ധിക്കാറുണ്ട്. സുവിശേഷ പ്രഘോഷണവും മറ്റും ക്രൈസ്തവരായ അതിഥിത്തൊഴിലാളികൾക്കിടയിൽ മാത്രമാണ് നടത്തുന്നത്. തൊഴിലാളി ക്യാമ്പുകൾ സന്ദർശിക്കുമ്പോൾ പല സങ്കടക്കാഴ്ചകളും കാണേണ്ടതായി വന്നിട്ടുണ്ട്. അടിസ്ഥാന സൗകര്യംപോലുമില്ലാതെ ചെറിയൊരു മുറിയിൽ നിരവധി പേർ താമസിക്കുന്നു. അസുഖബാധിതരായവർ പരിചരിക്കാൻ ആരുമില്ലാതെ ബുദ്ധിമുട്ടുന്ന കാഴ്ച ദയനീയമാണ്. ആശുപത്രിയിൽ അഡ്മിറ്റായാലും ഒപ്പം നിൽക്കാൻ ആരുമില്ലാത്ത അവസ്ഥയുണ്ട്. പറഞ്ഞ കൂലി കൊടുക്കാതെ പറ്റിക്കുന്ന ഏജന്റുമാരും ഗുരുതരമായ അപകടം പറ്റി ജോലിക്ക് പോകാൻ കഴിയാതെ വരുന്ന തൊഴിലാളികളെ തിരിഞ്ഞു നോക്കാത്ത ഏജന്റുമാരുമുണ്ട്. എന്നോടൊപ്പം വോളണ്ടിയറായി പ്രവർത്തിക്കുന്ന കോഴിക്കോട് കോർപ്പറേഷൻ കൗൺസിലർ അൽഫോൻസ മാത്യു കൂലിപ്രശ്നവും മറ്റുമുണ്ടാകുമ്പോൾ ശക്തമായി ഇടപെട്ട് ന്യായമായ കൂലി വാങ്ങി നൽകാൻ സഹായിക്കാറുണ്ട്. മനോജ് തോമസ്, നിതീഷ് കുമാർ എന്നിവരും വോളണ്ടിയർമാരായി പ്രവർത്തിക്കുന്നു. അതിഥിത്തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയാണ് പ്രധാനമായും ചെയ്യുന്നത്.'

സിസ്റ്റർ ഗ്രേസി ഇപ്പോൾ കല്ലാനോട് ഇടവകയിൽ സേവനം ചെയ്യുകയാണ്. സമീപ പഞ്ചായത്തുകളുടെ സഹകരണത്തോടെ അതിഥിത്തൊഴിലാളിലാളികളുടെ ഇടയിൽ സേവനം നടത്തുന്നു. എഫ്സിസി സിസ്റ്റർമാരുടെയും എസ്ആർസി ഡയറക്ടറുടെയും സഹകരണത്തോടെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്.

# 2025 ജൂബിലി വർഷം താമരശ്ശേരി രൂപതയിൽ




- താമരശ്ശേരി മേരിമാതാ കത്തീഡ്രലിൽ തിരുപ്പിറവിയുടെ തിരുക്കർമ്മങ്ങളോടെ ജൂബിലി വർഷത്തിന് തുടക്കമായി. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ജൂബിലി വർഷ ലോഗോ പ്രകാശനം ചെയ്തു. ജൂബിലി വർഷ തിരിതെളിയിച്ച് ഔദ്യോഗികമായി 2025 ജൂബിലി വർഷത്തിന് സമാരംഭം കുറിച്ചു. ഇടവകകളിലും രൂപതാ സ്ഥാപനങ്ങളിലും ഡിസംബർ 29–ന് ജൂബിലി ആഘോഷങ്ങൾ ആരംഭിച്ചു.
- ഒരു വർഷം നീണ്ടു നിൽക്കുന്ന ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നിരവധി കർമപദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. താമരശ്ശേരി രൂപത സ്ഥാപിതമായതിന്റെ നാൽപതാം വാർഷികവും മലബാർ കുടിയേറ്റത്തിന്റെ നൂറാം വാർഷികവും സംയുക്തമായി ആചരിക്കാൻ ഒരുങ്ങുന്ന സന്ദർഭത്തിലാണ് ആഗോള സഭയുടെ ജൂബിലി ആഘോഷമെന്നതും പ്രത്യേകതയാണ്.



മേരിമാതാ കത്തീഡ്രൽ താമരശ്ശേരി



മരിയൻ തീർത്ഥാടന കേന്ദ്രം, കോടഞ്ചേരി



കുടിയേറ്റ തീർത്ഥാടന കേന്ദ്രം, കുളത്തുവയൽ

- താമരശ്ശേരി മേരിമാതാ കത്തീഡ്രൽ, കോടഞ്ചേരി മരിയൻ തീർത്ഥാടന കേന്ദ്രം, കുളത്തുവയൽ കുടിയേറ്റ തീർത്ഥാടന കേന്ദ്രം എന്നിവിടങ്ങളെ ദണ്ഡവിമോചനം പ്രാപിക്കുവാനും ജൂബിലിയുടെ ദൈവകൃപ സ്വീകരിക്കുവാനുമുള്ള വിശുദ്ധ സ്ഥലങ്ങളായി ബിഷപ് പ്രഖ്യാപിച്ചു. ഈ ദേവാലയങ്ങളിൽ പ്രത്യാശയുടെ വിശുദ്ധ കവാടം തുറന്നു.

# അൽമായർ ഐക്യത്തോടെ ഉണരട്ടെ

**അൽമായസമൂഹം കരുത്തോടും ബോധ്യത്തോടും കൂടെ ഉണർന്നു പ്രവർത്തിച്ച് ജാഗ്രതയുടെ വേലിക്കെട്ടുകളുയർത്തിയില്ലെങ്കിൽ കഴിഞ്ഞ തലമുറകൾ കാത്തുസൂക്ഷിച്ച് കുറവില്ലാതെ കൈമാറിയ വിശ്വാസ പൈതൃകം തകർത്തവർ എന്നു നാം പിൽക്കാലത്ത് മുദ്രകുത്തപ്പെടും**



## സമകാലികം

പ്രഫ. ഡോ. രേഖ മാത്യൂസ്

അൽമായ ദൗത്യത്തെപ്പറ്റി ഈ പുതുവത്സരത്തിൽ വിചിന്തനം ചെയ്യേണ്ടത് അനിവാര്യമാണ്. അൽമായ പങ്കാളിത്തത്തിന്റെ മാർഗ്ഗദർശകതത്വങ്ങൾ ലോകത്തിന് സമ്മാനിച്ച അടിസ്ഥാന പ്രബോധനങ്ങളായ 'ജനതകളുടെ പ്രകാശം' (LG), 'ജനതകളിലേക്ക്' (AG), 'അൽമായ പ്രേഷിത പ്രവർത്തനം' (AA) എന്നിവയുടെ 60 വർഷങ്ങൾ പൂർത്തിയാകുന്ന വർഷമാണിത്. 'ജനതകളുടെ പ്രകാശം' കൃത്യമായി നമ്മെ ഓർമ്മപ്പെടുത്തുന്നു: 'അൽമായ ആദ്ധ്യാത്മികതയുടെ ആത്യന്തികലക്ഷ്യം കുടുംബങ്ങളുടെയും, ജോലിയിടങ്ങളുടെയും, പൊതുധാരയുടെയും തങ്ങൾ വ്യാപരിക്കുന്ന സമസ്ത മേഖലകളുടെയും സമഗ്രവിശുദ്ധീകരണമാണ്' എന്ന്. 'അൽമായർ' എന്ന് ശീർഷകമുള്ള 4-ാം അദ്ധ്യായത്തിന്റെ പ്രധാന പ്രതിപാദ്യ വിഷയം സഭാജീവിതത്തിലും ദൗത്യനിർവ്വഹണത്തിലും അൽമായർ വഹിക്കേണ്ട അനന്യമായ പങ്കിനെക്കുറിച്ചാണ്.

സുവിശേഷബദ്ധരായി അൽമായർ ജീവിക്കേണ്ടത് എങ്ങനെയെന്ന് തുടർന്നു വ്യക്തമാക്കുന്നു.

(1)കൗദാശിക ജീവിതത്തിലൂടെ ക്രിസ്തുവിന്റെ സാക്ഷികളാകുക.

(2)അവരുടെ സ്വതസിദ്ധമായ അറിവും, കഴിവും ആർജ്ജിതജ്ഞാനവും സഭാശുശ്രൂഷയ്ക്കായി വിനിയോഗിക്കുക.

(3)ക്രിസ്തുവിന്റെ രാജകീയ പുരോഹിത പ്രവാചക ദൗത്യങ്ങളിൽ മാമ്മോദീസാവഴി പങ്കാളികളാണെന്ന അവബോധത്തിൽ സഭാശുശ്രൂഷയിൽ ഏർപ്പെടുക.

ഇക്കഴിഞ്ഞ ഒക്ടോബർ 26-ന് നൽകപ്പെട്ട സിനഡാനന്തര രേഖ വീണ്ടും ഓർമ്മിപ്പിക്കുന്നതും ഇതുതന്നെ. 'ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ തുല്യാന്തസ്സ്'. നമ്മെ സംബന്ധിക്കുന്ന മറ്റൊരു കാര്യം കൂടി പാപ്പാ കൂട്ടിച്ചേർക്കുന്നു, 'രക്ഷ നല്ല ബന്ധങ്ങളിലൂടെയാണ് സാധ്യമാകുന്നത്'. ദൃഢബന്ധങ്ങൾ രൂപീകൃതമാകുന്നതോ ശ്രദ്ധാപൂർവ്വകമായ ശ്രവണത്തിലൂടെയും. ആദരപൂർണ്ണമായ പാരസ്പര്യത്തിലൂടെ സഭാമക്കൾ-വൈദിക-സന്യസ്ത-അല്മായ സമൂഹങ്ങൾ- ദൗത്യബോധമുള്ള ശിഷ്യഗണമായി മാറണമെന്നും പാപ്പാ ഓർമ്മിപ്പിക്കുന്നു.

### ധാർമ്മിക ആപേക്ഷികത

പ്രശ്നങ്ങളില്ല എന്ന് പ്രഖ്യാപിച്ച് ഉള്ള പ്രശ്നങ്ങൾ ഇല്ലാതാക്കാനാവില്ല. ധാർമ്മിക ആപേക്ഷികത ഇക്കാലത്തിന്റെ ഒരു വലിയ വെല്ലുവിളി തന്നെ. നമ്മുടെ ധാർമ്മികബോധത്തിന് കേവലത ഇല്ലാതാകുന്നതു പോലെ. ആയിരക്കണക്കിന് അംഗങ്ങളുള്ള സമർപ്പിത സമൂഹങ്ങളിൽ വല്ലപ്പോഴും മാത്രം സംഭവിക്കുന്ന പിഴവുകൾ ആഘോഷിക്കുന്ന സാധാരണ വിശ്വാസി വാസ്തവത്തിൽ എന്താണ് ചെയ്യുന്നത്? അപരന്റെ വീഴ്ചയ്ക്കു പിന്നിൽ സ്വന്തം വീഴ്ചകൾ മറയ്ക്കാൻ ശ്രമിക്കുകയല്ലേ? 'ഇവർക്കൊക്കെ ഇതാകാമെങ്കിൽ പിന്നെ എന്റെ കാര്യം പറയണോ?' എന്ന ഫാന്റസിയ്ക്കിവർ സ്വയം വിട്ടു കൊടുക്കുന്നു. നീതീകരണം തേടി, ന്യായീകരണങ്ങൾ നിരത്തി ഇക്കൂട്ടർ സൗകര്യപൂർവ്വം മറക്കുന്ന ഒരു കാര്യമുണ്ട് - നസ്രായനാണ് നമ്മുടെ ഉരകല്ല് എന്നത്. നമ്മുടെ ജീവിതത്തിൽ ചില വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ എല്ലാവരും സ്വന്തമാക്കേണ്ടിരിക്കുന്നു. അങ്ങനെ മാത്രമേ സഭ കരുത്താർജ്ജിക്കൂ. സമീപകാലത്തെ ആക്രമണങ്ങളിൽ സഭ അല്പം പതറിപ്പോയി എന്നത് അംഗീകരിച്ചേ മതിയാവൂ. പക്ഷേ, ലോകത്തിന്റെ പ്രതികരണശൈലി സഭയ്ക്കു തീരെ ചേരില്ല താനും. നമ്മുടെ വിശ്വാസബോദ്ധ്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് ഓരോ പ്രതിസന്ധിയോടും ക്രിയാത്മകമായി പ്രതികരിക്കാനുള്ള കഴിവ് നാം വളർത്തിയെടുക്കേണ്ടതുണ്ട്.

### പുരോഹിത ആശ്രയത്വ സമൂഹം

നമ്മുടേത് ഒരു പുരോഹിത ആശ്രയത്വ സമൂഹമാണ്. ഒരു ഇടവകയിലെ എല്ലാ കാര്യങ്ങളും അവിടുത്തെ വൈദികന്റെ നേതൃത്വത്തിൽ തന്നെ നടക്കണം എന്നു നാം ആഗ്രഹിക്കുന്നു. വൈദികന്റെ ആത്മീയ-സാമൂഹ്യ സ്വാധീനം വളരെ വലുതാണു താനും. അൽമായരിൽ ദൗത്യബോധം കുറഞ്ഞതിന്റെ സൂചനകളാണ് ചുറ്റും കാണുന്നത്. കുർബാനയ്ക്ക് പോകുന്നുണ്ട്, മക്കളെ സൺഡേ സ്കൂളിൽ വിടുന്നുണ്ട്, സ്തോത്രകാഴ്ച കൃത്യമായി കൊടുക്കുന്നുണ്ട്, പിരിവുകൾ എത്തിക്കുന്നുണ്ട് - പക്ഷേ, കത്തോലിക്കാ തനിമയെക്കുറിച്ചുള്ള ഒരു അവബോധക്കുറവു ക്രൈസ്തവ സമൂഹത്തെ പിടികൂടിയിട്ടുണ്ട്. ഓരോ ഇടവകയുടെയും ഘടന അപഗ്രഥിച്ചാൽ അത് ഏകദേശം ഇങ്ങനെയായിരിക്കും. എല്ലാത്തിലും തൽപ്പരരായ ഒരു ന്യൂനപക്ഷം, കുറേപ്പേർ തികഞ്ഞ പ്രതിപക്ഷമായി നില കൊള്ളും. ബാക്കി ആളുകൾ നിസ്സംഗതയുടെ ആവരണമണിയും. ആചാരങ്ങളൊക്കെ നമ്മൾ മുറപോലെ നടത്തും. പക്ഷേ, കത്തോലിക്കാവിളിയുടെ പൊരുളായ സാക്ഷ്യം വഹിക്കൽ എത്രമാത്രം കാര്യക്ഷമമായി നടക്കുന്നുണ്ട്?

ക്രിസ്തീയത ഈ ലോകത്തിൽ ഒരു പ്രതിസംസ്കാരമാണ്. അൽമായ സമൂഹം കരുത്തോടും ബോധ്യത്തോടും കൂടെ ഉണർന്നു പ്രവർത്തിച്ച് ജാഗ്രതയുടെ വേലിക്കെട്ടുകളുയർത്തിയില്ലെങ്കിൽ കഴിഞ്ഞ തലമുറകൾ കാത്തുസൂക്ഷിച്ച് കുറവില്ലാതെ കൈമാറിയ വിശ്വാസ പൈതൃകം തകർത്തവർ എന്നു നാം പിൽക്കാലത്ത് മുദ്രകുത്തപ്പെടും. നമ്മുടെ അടിയന്തര ശ്രദ്ധ ഒരുപക്ഷേ ഇപ്പോൾ പതിയേണ്ടത് പടിപടിയായി മതവിരുദ്ധരായിക്കൊണ്ടിരിക്കുന്ന ഒരു തലമുറയുടെ മേലാണ്. ആദ്യം നിക്ഷ്പക്ഷത പറയുന്ന ഈ കൂട്ടർ വളരെ വേഗം മതനിഷേധകരായി മാറുന്നു. മതനിരപേക്ഷതയിൽനിന്ന് മതവിരുദ്ധതയിലേക്ക് അധികം ദൂരം ഇല്ല എന്ന് അദ്ധ്യാപകരും, മതാദ്ധ്യാപകരും, സമർപ്പിതരും മാതാപിതാക്കളുമായ നമ്മൾക്കറിയാം.

### സഭയോടുള്ള പ്രതിബദ്ധതയുടെ ആഴം

സഭയ്ക്കെതിരെ വിമർശനങ്ങൾ ഉയർത്തുന്ന നമ്മളിൽ പലരും വ്യക്തിപരമായ ചില പിണക്കങ്ങൾക്ക് ആദർശ പരിവേഷം ചാർത്തി പ്രതിപക്ഷം കളിക്കുന്നവരല്ലേ? നമ്മുടെ പല വിമർശനങ്ങളും നമ്മുടെ വ്യക്തി താൽപര്യങ്ങൾ ഹനിക്കപ്പെടുമ്പോൾ നാം ഉയർത്തുന്നതല്ലേ? സഭയാകമാനം അഴിമതിയാണ്, അധികാരപ്രമത്തതയാണ് എന്നൊക്കെ നാം വിധി പ്രസ്താവിക്കും.

ഈ സംവിധാനത്തിൽ ചില പാളിച്ചകൾ സംഭവിച്ചിട്ടുണ്ട്. പക്ഷേ, നാം മനസ്സിൽ കുറിച്ചിടേണ്ട ഒരു വസ്തുതയുണ്ട് - നമ്മളാണ് ഈ കാലഘട്ടത്തിലെ സഭ. തിരുത്തപ്പെടേണ്ടത് തിരുത്തപ്പെടുക തന്നെ വേണം. നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന പാളിച്ചകൾക്ക് മുമ്പേ നമ്മുടെ അഹന്ത സഞ്ചരിക്കുന്നു എന്നു നമുക്കറിയാം- വ്യക്തിവാദം തന്നെയാണ് സഭാജീവിതത്തിൽ സംഭവിക്കാവുന്ന ഏറ്റവും വലിയ ചതിക്കുഴി. അഹം തന്നെയാണ് നമ്മുടെയൊക്കെ വീഴ്ചയ്ക്ക് കളമൊരുക്കുന്നത്. ദൈവകൃപയിൽ മുങ്ങിക്കുളിച്ചു നിന്നില്ലെങ്കിൽ പൗരോഹിത്യസന്ന്യാസങ്ങൾ വെറും ഏകസ്ഥജീവിതം മാത്രമായിത്തീരും. ഭാര്യാഭർതൃബന്ധം വെറും കൂടിത്താമസവുമാകും. 'വ്യക്തി' എന്ന യാഥാർത്ഥ്യം ക്രിസ്തുവിൽ മറയുമ്പോഴാണല്ലോ സമർപ്പണം ജനിക്കുന്നത്. അഹം ശൂന്യവൽക്കരിക്കപ്പെടണം.

### ദൗത്യനിർവ്വഹണ പാരസ്പര്യം

അൽമായ ശക്തിയെന്ന സമ്പത്ത് പൂർണ്ണമായും ഉപയുക്തമാക്കുന്ന ശുശ്രൂഷകർ അതാത് ഇടവകകളിൽ ദൈവരാജ്യനിർമ്മിതിയിൽ വിജയിച്ച് മടങ്ങുന്നത് നാം കാണാറുണ്ട്. ഇടയനെ സ്നേഹിക്കുന്ന, കരുതുന്ന, ബഹുമാനിക്കുന്ന ദൈവജനം, സഭാഗാത്രത്തെ പടുത്തുയർത്തുന്നതിൽ വഹിക്കുന്ന പങ്ക് എത്ര വലുതാണെന്നും നമുക്കറിയാം. ഈ വലിയ പാരസ്പര്യം സഭയിൽ നൂറുമേനി ഫലദായകത്വം ഉറപ്പാക്കുമെന്നും പ്രത്യേകിച്ച് പറയേണ്ടതില്ല. പക്ഷേ, ചുരുക്കമായിട്ടെങ്കിലും വിശ്വാസികൾ ഇങ്ങനെ ചിന്തിച്ചു പോകാറുണ്ട് - സഭാകാര്യങ്ങൾ വൈദികർ നടത്തിക്കൊള്ളും - 'അവരും നമ്മളും' എന്നൊരു ചേരിതിരിവ് ഉണ്ട് എന്ന ധാരണ അകന്നു നിൽക്കാൻ പ്രേരകമാകും. 'ആരും എന്നെ ക്ഷണിച്ചില്ല... ഇടിച്ചു കേറുന്നത് എന്റെ സ്വഭാവമല്ല...' മുതലായ കമന്റുകളും പരാതികളും നാം കേൾക്കാറുണ്ട്.

'അപ്പോസ്തോലിക് ആക്ടിവിറ്റി' എന്ന ഡിക്രി മാമ്മോദീസാ വേളയിലുള്ള ദൈവത്തിന്റെ ക്ഷണത്താലേ നാലു ദൗത്യങ്ങൾ സ്വർഗ്ഗം നമ്മെ ഭരമേല്പിച്ചു കഴിഞ്ഞുവെന്ന് ഓർമ്മപ്പെടുത്തുന്നു.

(1) ജീവിതംകൊണ്ട് സാക്ഷ്യം വഹിക്കുക.

(2) സ്നേഹവും കാരുണ്യവും ജീവിതത്തിലുടനീളം പ്രദർശിപ്പിക്കുക.

(3) ലോകത്തിലുള്ള നമ്മുടെ പ്രവർത്തനമേഖലകളെ വിശുദ്ധീകരിച്ചു നവീകരിക്കുക. (LG 31)

(4) മറ്റുള്ളവരോട് സുവിശേഷം പങ്കുവെക്കുക.

ഇതിൽ നിന്ന് ഒരു അത്മായനും ഒഴിവില്ല. ദൗത്യനിർവ്വഹണത്തിന് പ്രത്യേക ക്ഷണവും ക്രമവും കാത്തുനിൽക്കുകയും വേണ്ട.

### ആഴത്തിലുള്ള ഐക്യമാണ് ആവശ്യം

'ഏകീകരണമല്ല പാരസ്പര്യമാണ് നമ്മുടെ ലക്ഷ്യം' എന്നു ഫ്രാൻസിസ് പാപ്പ പറയുന്നതിന്റെ അർത്ഥമിതാണ്. ത്രിത്വം സൂചിപ്പിക്കുന്നതും ഇതുതന്നെയല്ലേ? ഒന്നു മറ്റൊന്നിലേയ്ക്ക് നിരന്തരം പടരുന്ന, സഞ്ചരിക്കുന്ന പാരസ്പര്യം? ത്രിത്വത്തിൽ മൂന്നു വ്യക്തിത്വങ്ങൾ, പക്ഷേ, അഗാധതലത്തിൽ അവ ഒന്നാണ്. യഥാർത്ഥ സ്നേഹവും ഇങ്ങനെയാണ്. എപ്പോഴും അത് അപരനിലേക്ക് പകരപ്പെടുന്നതാണ്. പകരപ്പെടുന്നില്ലെങ്കിൽ കെട്ടിക്കിടക്കുന്നതും നിർജ്ജീവവുമാകും. ലോകത്തിന്റെ പ്രശ്നങ്ങൾ, വെല്ലുവിളികൾ എന്നൊക്കെ നമ്മൾ പറയുന്നത് ആത്യന്തികമായി സ്നേഹരാഹിത്യമാണ്. കോറിന്തോസ് ലേഖനത്തിൽ പറയുന്നതൊക്കെ നിവൃത്തിയാക്കുക എന്നതാണ് നമ്മുടെയൊക്കെ വിളിയുടെ പൊരുൾ. വചനത്തോട് പ്രതിപത്തിയുള്ള, നല്ല ബന്ധങ്ങൾ എന്തു വിലകൊടുത്തും സംരക്ഷിക്കുന്ന മാതൃകാകുടുംബങ്ങളാവണം നമ്മൾ. അതു പുറത്തേക്ക് വ്യാപിച്ച് നല്ല സമൂഹമായും, കെട്ടുറപ്പുള്ള സഭയായും മാറും. അതു തന്നെയാണ് നമ്മുടെ പരമമായ ദൗത്യവും.

*ചങ്ങനാശ്ശേരി അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയാണ് ലേഖിക*

സ്വർഗ്ഗീയ ഭവനത്തിലെ
ഒന്നാം പിറന്നാൾ
01-02-2025

അഞ്ജു മാത്യു
പൊന്നാറ്റിൽ, വാലില്ലാപ്പുഴ
ജനനം : 18-11-1993 മരണം: 01-02-2024
പ്രാർത്ഥനകളോടെ, കുടുംബാംഗങ്ങൾ

മാലാഖമാരുടെ നാട്ടിൽ
ഈശോയോടൊപ്പം
09-08-2024

ജോയൽ തോമസ് (28)
പുരയിടത്തിൽ, ചക്കിട്ടപ്പാറ
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ
ബന്ധുക്കൾ, സുഹൃത്തുക്കൾ

# കോഴിക്കർഷകരുടെ പണി എളുപ്പമാക്കി ബിബിന്റെ 'പൗൾട്രിമിത്ര'

**സ്വന്തം ഫാമിൽ ഉപയോഗിക്കാൻ തയ്യാറാക്കിയ മെഷീനുകൾ വിപണിയിലെ താരമായ വിജയകഥ കണ്ണോത്ത് ഇടവകാംഗം വെട്ടിക്കുഴിയിൽ ബിബിൻ ഡേവിഡ് പങ്കുവയ്ക്കുന്നു**



## വിജയപാഠം

ജിൽസൺ ജോസ്

കമുക് കൃഷി മഞ്ഞളിപ്പ് ബാധിച്ച് നശിക്കുകയും റബറിന് വില കുറയുകയും ചെയ്തതോടെയാണ് അധിക വരുമാനത്തിനായി കണ്ണോത്ത് വെട്ടിക്കുഴിയിൽ ബിബിൻ ഡേവിഡ് കോഴിക്കൃഷിയിലേക്ക് തിരിയുന്നത്. കോഴിഫാമിന്റെ നിലം ഇളക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ധാരാളം സമയവും അദ്ധ്വാനവും ആവശ്യമാണെന്ന് മനസിലായതോടെ അതെങ്ങനെ ലഘൂകരിക്കാമെന്നതായി ബിബിന്റെ ചിന്ത. ആ ചിന്തയിലാണ് മൂന്ന് യന്ത്രങ്ങളും 'പൗൾട്രിമിത്ര' എന്ന ബ്രാൻഡും ജനിക്കുന്നത്. എൻജിനീയറിങ്ങിൽ ബിരുദമോ, മുൻപരിചയമോ ഇല്ലാതെയാണ് ഈ കണ്ടുപിടുത്തങ്ങളെന്നത് ബിബിനെ വ്യത്യസ്തനാക്കുന്നു.

നിലം ഇളക്കുന്നതിനുള്ള റാക്കിങ് മെഷീൻ, ഫീഡർ പാത്രങ്ങൾ വൃത്തിയാക്കുവാനുള്ള ഡ്രിങ്കർ ക്ലീനിങ് ആന്റ് ഫീഡിങ് ട്രോളി, കോഴി വളം വടിച്ചുകൂട്ടാനുള്ള മാനുവൽ മൾട്ടി സ്പ്രെഡർ എന്നിവയാണ് ബിബിന്റെ കണ്ടുപിടുത്തങ്ങൾ. സ്വന്തം ഫാമിൽ ഉപയോഗിക്കാൻ തയ്യാറാക്കിയ മെഷീനുകൾ പിന്നീട് വിപണിയിലെ താരമായ വിജയകഥ ബിബിൻ ഡേവിഡ് പങ്കുവയ്ക്കുന്നു:

### ബ്രാൻഡായ കണ്ടുപിടുത്തം

കോഴി ഫാമിന്റെ നിലം എന്നും ഇളക്കി ഇടണം. കോഴികൾ തൂക്കം വയ്ക്കുന്നതിനും രോഗങ്ങൾ വരാതിരിക്കുന്നതിനും ഫാമിൽ ദുർഗന്ധമുണ്ടാകാതിരിക്കുന്നതിനും വേണ്ടിയാണിത്. ഏറ്റവും കൂടുതൽ അദ്ധ്വാനവും സമയവും ചെലവഴിക്കേണ്ടി വരുന്നത് ഈ പ്രക്രിയയ്ക്കാണ്. മാർക്കറ്റിൽ അതിനുള്ള യന്ത്രങ്ങൾ തിരഞ്ഞു. യൂട്യൂബിലും പരതി. വൈദ്യുതികൊണ്ടു പ്രവർത്തിക്കുന്ന യന്ത്രങ്ങൾ കണ്ടു. പക്ഷെ, അതിന് വലിയ ചെലവ് വരും. ചെറുകിട ഫാമുകൾക്ക് അത് ഒരിക്കലും മുതലാകില്ല. ഒരു ഫാമിൽ നിന്ന് മറ്റൊരു ഫാമിലേക്ക് കൊണ്ടുപോകാനും ബുദ്ധിമുട്ടുണ്ട്. വൈദ്യുതി ചിലവ് വേറെ.

മനസിൽ വരച്ച രൂപരേഖയനുസരിച്ച് ഇൻഡസ്ട്രിയൽ വർക്കറെക്കൊണ്ടാണ് റാക്കിങ് മെഷീൻ ഉണ്ടാക്കിയെടുത്തത്. ഉപയോഗിച്ച് നോക്കി ആവശ്യങ്ങൾക്ക് അനുസരിച്ച് അത് കസ്റ്റമൈസ് ചെയ്തെടുത്തു. ധാരാളം പണവും സമയവും ഇതിനായി ചെലവഴിച്ചു. ഒരു വർഷത്തോളം ഉപയോഗിച്ചു നോക്കി. ഇതിനിടെ വെൽഡിങ്ങും മറ്റും പഠിച്ച് ആവശ്യമായ മാറ്റങ്ങൾ അപ്പപ്പോൾ വരുത്തി. വളരെ നല്ല രീതിയിൽ നിലം ഇളക്കാൻ കഴിയുന്നുവെന്നു കണ്ടപ്പോൾ അടുത്ത പ്രദേശത്ത് കോഴി ഫാം നടത്തുന്ന ഒരാൾ ഈ യന്ത്രം നിർമിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടു. അതൊരു തുടക്കമായിരുന്നു. തുടർന്ന് പൗൾട്രിമിത്ര എന്ന ബ്രാൻഡിൽ റാക്കിങ് മെഷീൻ വിപണനത്തിനു തയ്യാറാക്കി. പേറ്റന്റുമെടുത്തു.

കുട്ടികൾക്കു പോലും ആയാസമില്ലാതെ ഈ യന്ത്രം ഉപയോഗിച്ച് നിലം ഇളക്കാം. വൈദ്യുതിയോ, മറ്റ് ഇന്ധനങ്ങളോ ആവശ്യമില്ല. നിലം ഇളക്കാൻ ഉപയോഗിക്കുന്ന പല്ലുകൾ ആവശ്യാനുസരണം ഉയർത്താനും താഴ്ത്താനും സാധിക്കും. ഇത് ഉപയോഗിക്കുമ്പോൾ ഫാമിലേക്ക് വേണ്ട ചകിരിച്ചോറിന്റെയും മറ്റ് പൊടികളുടെയും അളവ് സാധാരണ ഉപയോഗിക്കുന്നതിലും കുറച്ച് മതി എന്നതും പ്രത്യേകതയാണ്.

ഗ്രാമീണ മേഖലയിലെ അസംഘടിതരായ ഗവേഷകർക്ക് സംസ്ഥാന ശാസ്ത്ര പരിസ്ഥിതി കൗൺസിൽ നടത്തിയ ഗവേഷക സംഗമത്തിൽ പൗൾട്രി റാക്കിങ് മെഷീന്റെ കണ്ടുപിടുത്തം ബിബിൻ ഡേവിഡിനെ ഒന്നാം സ്ഥാനത്തിന് അർഹനാക്കിയിരുന്നു.

### സോഷ്യൽമീഡിയ കരുത്ത്

ഒരിക്കൽ ഉപയോഗിച്ചവർ പറഞ്ഞ് അറിഞ്ഞാണ് റാക്കിങ് മെഷീന് ആവശ്യക്കാരെത്തുന്നത്. ഒരു കർഷകൻ തന്റെ മകൻ റാക്കിങ് മെഷീൻ ഉപയോഗിച്ച് നിലം ഇളക്കുന്ന വീഡിയോ കോഴിക്കർഷകരുടെ വാട്സാപ്പ് ഗ്രൂപ്പിലിട്ടു. അത് വൈറലായി.



പൗൾട്രി മിത്രയുടെ റാക്കിങ് മെഷീൻ ഉപയോഗിച്ച് നിലമിളക്കുന്ന ബിബിൻ ഡേവിഡ്



റാക്കിങ് മെഷീൻ



മാനുവൽ മൾട്ടി സ്പ്രെഡർ



പൗൾട്രി മിത്രയുടെ ഡ്രിങ്കർ ക്ലീനിങ് ആന്റ് ഫീഡിങ് ട്രോളി

നിരവധി പേരാണ് ആ വീഡിയോ കണ്ട് ഓഡറിനായി വിളിച്ചത്. വാട്സാപ്പ് കൂട്ടായ്മകളിലൂടെയാണ് നിരവധി വിൽപ്പനകൾ നടന്നത്. പല വ്ളോഗർമാരും ഇവിടെയെത്തി റാക്കിങ് മെഷീനെക്കുറിച്ച് സ്റ്റോറികൾ ചെയ്തിട്ടുണ്ട്. ഇത്തരം വീഡിയോകൾ കണ്ടാണ് മറ്റു സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഓഡറുകൾ ലഭിച്ചു തുടങ്ങിയത്.

കേരളത്തിലെ എല്ലാ ജില്ലകളിലുമായി മൂവായിരത്തിൽ അധികം റാക്കിങ് മെഷീനുകൾ ഇതിനകം വിറ്റുപോയി. ഇ–കൊമേഴ്സിലെ മുൻനിരക്കാരായ ആമസോണുമായി സഹകരിച്ച് ഓഡറുകൾ സ്വീകരിച്ച് ഡെലിവറി നൽകുന്നു. ഇന്ത്യയിലെവിടെയും ഡെലിവറി നൽകാൻ ആമസോൺ വഴി സാധിക്കും. റാക്കിങ് മെഷീന് ആമസോണിൽ 4.7 സ്റ്റാർ റേറ്റിങ് ലഭിച്ചു. ഒഡീഷ, മഹാരാഷ്ട്ര, കർണ്ണാടക, തമിഴ്നാട്, തെലുങ്കാന, ഹിമാചൽ പ്രദേശ്, ബംഗാൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പൗൾട്രി മിത്രയുടെ റാക്കിങ് മെഷീന് ആവശ്യക്കാരേറെ. കേരളത്തിലെവിടെയും കൊറിയർ ചാർജ് ഉൾപ്പടെ 6500 രൂപയ്ക്ക് റാക്കിങ് മെഷീൻ എത്തിച്ചു നൽകും. ഫീഡിങ് ട്രോളി ആന്റ് ഫിങ്കർ ക്ലീനറിന് 5,500 രൂപയും മൾട്ടി സ്പ്രെഡർ 850 രൂപയുമാണ് വില.

### വിജയമന്ത്രം

'ഗുണമേന്മയാണ് വിപണിയിലെ താരം. ഗുണമേന്മയില്ലെങ്കിൽ ഉൽപന്നം വേഗത്തിൽ വിപണിയിൽ നിന്നു മാഞ്ഞു പോകും. ഉൽപാദന രംഗത്തുള്ളവർ ഗുണമേന്മയിൽ വീഴ്ച വരുത്താതെ മുന്നോട്ടു പോയാൽ വിജയം ഉറപ്പ്. കാർഷികരംഗത്ത് പുതിയ ടെക്നോളജികൾ വരുന്നുണ്ട്. അത് പരീക്ഷിക്കാൻ പല കർഷകർക്കും മടിയാണ്. പുതിയ ടെക്നോളജികൾ ഉപയോഗപ്പെടുത്താൻ കർഷകർ തയ്യാറായാലേ ഇനിയുള്ളകാലം കൃഷി ലാഭകരമാകൂ' ബിബിൻ പറയുന്നു.

### കുടുംബം

കുടുംബാംഗങ്ങളാണ് പിന്തുണയുമായി തന്റെ ഒപ്പമുള്ളതെന്ന് ബിബിൻ പറയുന്നു. ബിബിന്റെ അമ്മ: ത്രേസ്യാമ്മ, ഭാര്യ: ജിന്റു, മക്കൾ: ഷാരോൺ, ആഷ്‌ലി.

ബിബിന്റെ ഫോൺ: **9961736124.**

**മലബാർ വിഷൻ മാട്രിമോണിയൽ**

താമരശ്ശേരി രൂപത RC യുവതി
27 വയസ്സ്, 160 cm ഉയരം.
M.Tech, Design Engineer
അനുയോജ്യരായ യുവാക്കളുടെ
മാതാപിതാക്കളിൽ നിന്നും
വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9446642350

ജീവിതപങ്കാളിയെ തേടിയുള്ള നിങ്ങളുടെ യാത്രയിൽ ഞങ്ങൾ നിങ്ങളെ സഹായിക്കാം. മാട്രിമോണിയൽ പരസ്യങ്ങൾ വരൻ/വധുവിന്റെ ഫോട്ടോയൊടുകൂടി പ്രസിദ്ധീകരിക്കും. ഒരു ലക്കത്തിലേക്ക് പരസ്യം നൽകുന്നതിന് 1000 രൂപയും 2 ലക്കങ്ങളിലേക്ക് 1500 രൂപയുമാണ് നിരക്ക്. വ്യക്തി വിവരങ്ങളും ഫോട്ടോയും 9744995553 എന്ന നമ്പറിലേക്ക് വാട്സാപ് ചെയ്യൂ.



# മുനമ്പത്ത് നീതി ഉറപ്പാക്കണം: താമരശ്ശേരി രൂപത

**വയനാട്ടിലെയും വിലങ്ങാട്ടെയും ഉരുൾപൊട്ടൽ ബാധിതർക്ക് ഉചിതമായ പുനഃരധിവാസ പദ്ധതി ഉടൻ നടപ്പിലാക്കണമെന്ന് പാസ്റ്ററൽ കൗൺസിൽ പ്രമേയം**



താമരശ്ശേരി രൂപതയുടെ 12-ാമത് പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാമത് സമ്മേളനത്തിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രസംഗിക്കുന്നു.

**താമരശ്ശേരി ●** കിടപ്പാടം സംരക്ഷിക്കുന്നതിനും വഖഫ് നിയമത്തിന്റെ മറവിൽ കുടിയിറക്കാനുള്ള ഗൂഢനീക്കം തടയുന്നതിനുമായി സമരമുഖത്തുള്ള മുനമ്പം നിവാസികൾക്ക് ഉടൻ നീതി ഉറപ്പാക്കണമെന്ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെ അധ്യക്ഷതയിൽ ചേർന്ന താമരശ്ശേരി രൂപതയുടെ 12-ാമത് പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാമത് സമ്മേളനം സംസ്ഥാന സർക്കാരിനോടും വഖഫ് അധികൃതരോടും ആവശ്യപ്പെട്ടു.

മുനമ്പം നിവാസികൾ കൈവശംവച്ചനുഭവിച്ചുവരുന്ന ഭൂമി അവരുടെ മാത്രം സ്വത്താണെന്നും അത് വഖഫിന്റേതാണെന്ന പ്രചാരണം വാസ്തവമല്ലെന്നും സംസ്ഥാന സർക്കാരും മന്ത്രിമാരും ഭരണ-പ്രതിപക്ഷ നേതാക്കന്മാരും രാഷ്ട്രീയരംഗത്തെ പ്രമുഖരും മുസ്ലിം സംഘടനകളും ഫാറൂഖ് കോളജ് അധികൃതരും പരസ്യമായി പ്രഖ്യാപിച്ചിട്ടും നീതി നടപ്പിലാക്കുന്നതിൽ സർക്കാരും ബന്ധപ്പെട്ട അധികാരികളും പുലർത്തുന്ന നിസ്സംഗത അംഗീകരിക്കാനാവില്ലെന്ന് യോഗം ചൂണ്ടിക്കാട്ടി. ഡോ. ചാക്കോ കാളംപറമ്പിൽ അവതരിപ്പിച്ച പ്രമേയം കൗൺസിൽ യോഗം ഏകകണ്ഠമായി അംഗീകരിച്ചു. ചങ്ങനാശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. രേഖ മാത്യൂസ് മുഖ്യപ്രഭാഷണം നടത്തി. ഫാ. ജോൺ ഒറവുങ്കര, ഫാ. അഭിലാഷ് ചിലമ്പിക്കുന്നേൽ, ഫാ. ബിനു കുളത്തിങ്കൽ എന്നിവർ വിവിധ കർമ്മപദ്ധതികളുടെ രൂപരേഖയും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബെന്നി ലൂക്കോസ് റിപ്പോർട്ടും അവതരിപ്പിച്ചു.

ഫാ. ജോസ് പെണ്ണാപറമ്പിൽ രചിച്ച 'ടുവേഡ്സ് ദി ട്രൂത്ത്' എന്ന ഗ്രന്ഥം ബിഷപ് പ്രകാശനം ചെയ്തു. വയനാട്ടിലെയും വിലങ്ങാട്ടെയും ഉരുൾപൊട്ടൽ ബാധിതർക്ക് ഉചിതമായ പുനഃരധിവാസ പദ്ധതി ഉടൻ നടപ്പിലാക്കണമെന്ന് അഡ്വ. ബീന ജോസഫ് അവതരിപ്പിച്ച പ്രമേയത്തിലൂടെ യോഗം കേന്ദ്ര, സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടു.

രൂപതാതലത്തിൽ മികച്ച കുടുംബയൂണിറ്റുകൾക്ക് ട്രോഫിയും ക്യാഷ് അവാർഡും ബിഷപ് വിതരണം ചെയ്തു. വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, ചാൻസലർ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് എന്നിവർ പ്രസംഗിച്ചു.

ഫാ. കുര്യാക്കോസ് മുഖാല, തോമസ് വലിയപറമ്പൻ എന്നിവർ നേതൃത്വം നൽകി.

## ആദരിച്ചു

● ഫാ. സ്കറിയ മങ്ങര, ജോഷി ബെനഡിക്ട്, ടി. ജെ. മാർട്ടിൻ തച്ചിൽ എന്നിവർക്ക് താമരരശ്ശേരി രൂപതയുടെ ആദരം. 12-ാമത് പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാമത് സമ്മേളനത്തിലാണ് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഇവരെ ആദരിച്ചത്.



**ഫാ. സ്കറിയ മങ്ങര:** കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ചെയർ ഫോർ ക്രിസ്ത്യൻ സ്റ്റഡീസ് ആന്റ് റിസേർച്ച് ഗവേണിങ് ബോഡി അംഗമായി തെരഞ്ഞെടുക്കപ്പെട്ടു.



**ജോഷി ബെനഡിക്ട്** സംവിധാനം ചെയ്ത 'എ കോക്കനട്ട് ട്രീ' എന്ന ചിത്രത്തിനാണ് നോൺ ഫീച്ചർ വിഭാഗത്തിൽ മികച്ച ആനിമേഷൻ ചിത്രത്തിനുള്ള ദേശീയ പുരസ്കാരം ലഭിച്ചത്. പുല്ലൂരാംപാറ ഇടവകാംഗം.



**ടി. ജെ. മാർട്ടിൻ തച്ചിൽ:** കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗമായി തെരഞ്ഞെടുക്കപ്പെട്ടു. മലപ്പുറം ഫൊറോന ഇടവകാംഗം.

# താമരശ്ശേരി രൂപത വൈദിക സെമിനാർ

**മേരിക്കുന്ന് ●** താമരശ്ശേരി രൂപതാ വൈദികരുടെ വാർഷിക സെമിനാർ മേരിക്കുന്ന് പിഎംഒസിയിൽ നടന്നു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, ഫാ. കുര്യൻ പുരമഠത്തിൽ എന്നിവർ പ്രസംഗിച്ചു.

മൂന്നു ദിവസങ്ങളിലായി നടന്ന സെമിനാറിൽ വിവിധ വിഷയങ്ങൾ ചർച്ചയായി. ഫാ. ജോർജ് ജോസഫ് OFM Cap., ഫാ. കുര്യൻ പുരമഠത്തിൽ, ടി. പി. പോൾ എന്നിവർ ക്ലാസെടുത്തു. ഫാ. തോമസ് ചിലമ്പിക്കുന്നേൽ എപ്പാർക്കിയൽ അസംബ്ലി തീരുമാനങ്ങൾ വിശദീകരിച്ചു. ഫാ. ജോൺ ഒറവുങ്കര റൂബി ജൂബിലി ആക്ഷൻ പ്ലാൻ അവതരിപ്പിച്ചു.

പൗരോഹിത്യ ജൂബിലി ആഘോഷിക്കുന്ന ഫാ. മാത്യു പുള്ളോലിക്കൽ, ഫാ. ജോസഫ് തുരുത്തിയിൽ, ഫാ. ജോൺസൺ നന്തളത്ത്, ഫാ. ജോസഫ് കരോട്ടുഴുന്നാലിൽ, ഫാ. മാത്യു നിരപ്പേൽ എന്നിവരെ ആദരിച്ചു.

## ഡിജിറ്റലായി താമരശ്ശേരി രൂപത

**ഓൺലൈൻ ആത്മസ്ഥിതി രജിസ്റ്റർ, സംഘടനകളുടെ ഏകോപനം, മതബോധന ഡിജിറ്റലൈസേഷൻ, വിദ്യാർത്ഥികളെ മോണിറ്റർ ചെയ്യാനുള്ള സംവിധാനം, പ്രീസ്റ്റ് മാനേജ്മെന്റ് സിസ്റ്റം എന്നിവ അടക്കമുള്ള പദ്ധതികളാണ് ഡിജിറ്റലൈസേഷനിലൂടെ നടപ്പിലാക്കുക.**



● റൂബി ജൂബിലിയുടെ ഭാഗമായുള്ള രൂപതയുടെ ഡിജിറ്റലൈസേഷൻ പദ്ധതി ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ഡിജിറ്റലൈസേഷൻ കോ-ഓർഡിനേറ്റർ ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ പദ്ധതി വിശദീകരിച്ചു. പദ്ധതിയുടെ ഭാഗമായി രൂപതയിലെ എല്ലാ ഇടവകകൾക്കും മൈക്രോവെബ്സൈറ്റുകൾ ആരംഭിച്ചു. കോർഹബ് സൊലൂഷൻസാണ് ഡിജിറ്റലൈസേഷന് പദ്ധതിക്ക് നേതൃത്വം നൽകുന്നത്. കോർഹബ് സൊലൂഷൻസ് സിഇഒ ഫാ. നോബിൾ തോമസ് പാറയ്ക്കൽ ക്ലാസ് നയിച്ചു. കോർഹബ് എംഡി സിജോ ജോസ്, ടീം ലീഡ് ജസ്വിൻ ജോസഫ് പറയരുമലയിൽ എന്നിവർ പ്രസംഗിച്ചു. വെബ്സൈറ്റ് സന്ദർശിക്കാൻ: www.thamarasserydiocese.com

# പ്രവാസി അപ്പോസ്തലേറ്റ് ഓഫീസ് ഉദ്ഘാടനം ചെയ്തു



പ്രവാസി അപ്പോസ്തലേറ്റിന്റെ ഓഫീസ് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു

**മേരിക്കുന്ന് ●** താമരശ്ശേരി രൂപതയിൽ ആരംഭിച്ച പ്രവാസി അപ്പോസ്തലേറ്റിന്റെ ഓഫീസ് മേരിക്കുന്ന് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു.

വിദേശ രാജ്യങ്ങളിലും കേരളത്തിനു പുറത്തുമുള്ള താമരശ്ശേരി രൂപതാംഗങ്ങളെ ഒരുമിച്ചു കൂട്ടുകയെന്ന ലക്ഷ്യത്തോടെയാണ് പ്രവാസി അപ്പോസ്തലേറ്റ് പ്രവർത്തനം ആരംഭിക്കുന്നതെന്നും പ്രവാസികളായ താമരശ്ശേരി രൂപതാംഗങ്ങളുടെ ആദ്യ സംഗമം താമരശ്ശേരിയിൽ നടക്കുമെന്നും ബിഷപ് പറഞ്ഞു.

പ്രവാസികളായവർക്ക് താമരശ്ശേരി രൂപതയുമായുള്ള ബന്ധം ഊഷ്മളമാക്കാനും അവരുടെ ആധ്യാത്മിക കാര്യങ്ങൾ ക്രമീകരിക്കുവാനും കൂട്ടായ്മകൾ രൂപീകരിക്കുവാനും പ്രവാസി അപ്പസ്തോലേറ്റിന്റെ പ്രവർത്തനത്തിലൂടെ കഴിയുമെന്ന് ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിൽ പറഞ്ഞു.

# മലബാർ മേഖലയിൽ പ്രവർത്തനങ്ങൾ ശക്തമാക്കാനൊരുങ്ങി ഇൻഫാം

**കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നിതാന്ത ജാഗ്രത പുലർത്തും. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിതരണവും കർഷക കൂട്ടായ്മകൾ വഴി ആരംഭിക്കും.**

**തലശ്ശേരി ●** മലബാർ മേഖലയിൽ ഇൻഫാമിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടത്തുമെന്ന് ഇൻഫാം ദേശീയ ഭാരവാഹികൾ. തലശ്ശേരി ബിഷപ്സ് ഹൗസിൽ നടന്ന മലബാർ റീജിയണൽ ബിഷപ്സ് കോൺഫ്രൻസിലാണ് ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി ഫാ. ജോസഫ് കാവനാടിയിൽ, മലബാർ റീജിയണൽ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ എന്നിവർ കർമ്മപദ്ധതികൾ വിശദീകരിച്ചത്. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ യൂണിറ്റുകൾ ആരംഭിക്കുവാനുള്ള സഹായം നൽകണമെന്ന് ബൽത്തങ്ങാടി, ഭദ്രാവതി, മാണ്ഡ്യ രൂപത ബിഷപ്പുമാരോട് ഇൻഫാം ദേശീയ നേതൃത്വം ആവശ്യപ്പെട്ടു.

# നവവൈദികർ

താമരശ്ശേരി രൂപതയ്ക്കുവേണ്ടി ആറ് ഡീക്കന്മാർ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിൽ നിന്നു പൗരോഹിത്യം സ്വീകരിച്ചു.



### ഫാ. ജീയോ കടുകൻമാക്കൽ

● കല്ലാനോട് കടുകൻമാക്കൽ സണ്ണി ജോർജ്-സോളി സണ്ണി ദമ്പതികളുടെ മകൻ. 2024 ഡിസംബർ 26-ന് പൗരോഹിത്യം സ്വീകരിച്ചു.

2013-ൽ താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് കുന്നോത്ത് ഗുഡ് ഷെപ്പേഡ് മേജർ സെമിനാരിയിൽ നിന്ന് ഫിലോസഫിയും മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തിയോളജിയും പൂർത്തിയാക്കി. തിരുവമ്പാടി അൽഫോൻസ കോളജിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദം നേടി.

സഹോദരങ്ങൾ: ജോസ്വിൻ സണ്ണി, ആൻജെസ്സ് വിമൽ സണ്ണി



### ഫാ. റിനു തിട്ടയിൽ

● കരിയാത്തുംപാറ തിട്ടയിൽ മത്തായി വർഗ്ഗീസ്-ജെയ്സ മാത്യു ദമ്പതികളുടെ മകൻ. 2024 ഡിസംബർ 27-ന് പൗരോഹിത്യം സ്വീകരിച്ചു.

2013-ൽ താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്ന് ഫിലോസഫിയും മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തിയോളജിയും പൂർത്തിയാക്കി. ദേവഗിരി സെന്റ് ജോസഫ്സ് കോളജിൽ നിന്ന് ഇക്കണോമിക്സിൽ ബിരുദം നേടി. സഹോദരങ്ങൾ: ബിനു മാത്യു, സിനു മാത്യു, ജിനു മാത്യു, മനു മാത്യു



### ഫാ. അജിത്ത് വെളിയത്ത്

● കരിയാത്തുംപാറ വെളിയത്ത് ജോസഫ് ജോൺ-ജിജി ജോസഫ് ദമ്പതികളുടെ മകൻ. 2024 ഡിസംബർ 27-ന് പൗരോഹിത്യം സ്വീകരിച്ചു.

2013-ൽ താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് ഫിലോസഫിയും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്ന് തിയോളജിയും പൂർത്തിയാക്കി.

കോടഞ്ചേരി ഗവ. കോളജിൽ നിന്ന് ഇക്കണോമിക്സിൽ ബിരുദം നേടി.

സഹോദരൻ: ഡാലിൻ ജോസഫ്.



### ഫാ. അമൽ പന്തപ്ലാക്കൽ

● പുഴിത്തോട് പന്തപ്ലാക്കൽ മാത്യു-മേരി ദമ്പതികളുടെ മകൻ. 2024 ഡിസംബർ 30-ന് പൗരോഹിത്യം സ്വീകരിച്ചു.

2015-ൽ താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്ന് ഫിലോസഫിയും കുന്നോത്ത് ഗുഡ് ഷെപ്പേഡ് മേജർ സെമിനാരിയിൽ നിന്ന് തിയോളജിയും പൂർത്തിയാക്കി.

തിരുവമ്പാടി അൽഫോൻസ കോളജിൽ നിന്ന് ബി. കോം ബിരുദം നേടി. സഹോദരി: അനുമോൾ മാത്യു



### ഫാ. ആഷിൻ നീലംപറമ്പിൽ

● കണ്ണോത്ത് നീലംപറമ്പിൽ ജെയിംസ് ചാക്കോ-ഷില്ലി ജെയിംസ് ദമ്പതികളുടെ മകൻ. 2024 ഡിസംബർ 31-ന് പൗരോഹിത്യം സ്വീകരിച്ചു.

2010-ൽ താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്ന് ഫിലോസഫിയും തിയോളജിയും പൂർത്തിയാക്കി.

മൈസൂരിലെ സെന്റ് ഫിലോമിനാസ് കോളജിൽ നിന്ന് ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം നേടി.

സഹോരങ്ങൾ: ആൽബിൻ ജെയിംസ്, അറ്റ്‌ലാന്റ നിധിൻ.



### ഫാ. മനു കുറൂർ

● ചെമ്പുകടവ് കുറൂർ ജോസ്-ഡെയ്സി ദമ്പതികളുടെ മകൻ. 2025 ജനുവരി ഒന്നിന് പൗരോഹിത്യം സ്വീകരിച്ചു.

2013-ൽ താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് ഫിലോസഫിയും കുന്നോത്ത് ഗുഡ് ഷെപ്പേഡ് മേജർ സെമിനാരിയിൽ നിന്ന് തിയോളജിയും പൂർത്തിയാക്കി. തിരുവമ്പാടി അൽഫോൻസ കോളജിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദം നേടി. സഹോദരങ്ങൾ: സിന്റു ജോസ്, ബ്രദർ ടിനു ജോസ്

## കുടുംബകൂട്ടായ്മ മരിയൻ ഗീതം ആലാപന മത്സര വിജയികൾ

● താമരശ്ശേരി രൂപത കുടുംബകൂട്ടായ്മ സംഘടിപ്പിച്ച മരിയൻഗീതം ആലാപന മത്സര വിജയികളെ പ്രഖ്യാപിച്ചു.

മരുതോങ്കര സെന്റ് മേരീസ് ഫൊറോന ഇടവകയിലെ കുടുംബകൂട്ടായ്മകളാണ് ഒന്നാം സമ്മാനം നേടിയത്. രണ്ടാം സമ്മാനം കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻ ഇടവകയിലെ കുടുംബകൂട്ടായ്മകൾ കരസ്ഥമാക്കി.

താമരശ്ശേരി മേരീമാതാ കത്തീഡ്രൽ ഇടവകയിലെ സെന്റ് മേരീസ് ഉല്ലാസ് കോളനി കുടുംബകൂട്ടായ്മ യൂണിറ്റ് മൂന്നാം സമ്മാനം നേടി.

അശോകപുരം ഇൻഫന്റ് ജീസസ്, മരഞ്ചാട്ടി സെന്റ് മേരീസ്, ഈസ്റ്റ്ഹിൽ ഫാത്തിമമാതാ, മഞ്ചേരി സെന്റ് ജോസഫ്സ്, മലപ്പുറം സെന്റ് തോമസ്, ദേവഗിരി സെന്റ് ജോസഫ്സ്, തേഞ്ഞിപ്പാലം സെന്റ് മേരീസ് ഇടവകകളിലെ കുടുംബകൂട്ടായ്മകൾ മികച്ച പ്രകടനം കാഴ്ചവച്ചു.

## വിലങ്ങാട് പുനരധിവാസ പദ്ധതി: ആദ്യ ഭവനത്തിന് തറക്കല്ലിട്ടു



**വിലങ്ങാട്** ● കെസിബിസി നടപ്പാക്കുന്ന താമരശ്ശേരി രൂപതയുടെ വിലങ്ങാട് പുനരധിവാസ പദ്ധതി കെസിബിസി പ്രസിഡന്റ് കർദ്ദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാബാവ ഉദ്ഘാടനം ചെയ്തു. വിലങ്ങാട് മുണ്ടോക്കണ്ടത്തിൽ അൽഫോൻസ നഗറിൽ ആദ്യ ഭവനത്തിന് തറക്കലിട്ടു. ദേവഗിരി ഇടവകയാണ് ആദ്യ ഭവനം നിർമിച്ചു നൽകുന്നത്.

ഉരുൾപൊട്ടൽ നാശംവിതച്ച വിലങ്ങാടിനും വയനാടിനും കേന്ദ്രസർക്കാർ സഹായം ലഭിക്കാത്തത് സങ്കടകരമാണെന്ന് കർദ്ദിനാൾ പറഞ്ഞു. 'കേന്ദ്ര സർക്കാർ ഫണ്ട് ലഭിക്കുന്നത് അനുസരിച്ച് ഒരു പാക്കേജ് തയ്യാറാക്കുന്നുണ്ടെന്നാണ് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞത്. പക്ഷെ, എത്രയും വേഗം ജനങ്ങൾക്ക് വാസയോഗ്യമായ ഭവനം നിർമിക്കണം. അതുകൊണ്ടാണ് ലഭ്യമായ സ്ഥലത്തിന്റെ സ്ഥിതിക്ക് അനുസരിച്ച് ഭവന നിർമാണം വേഗത്തിൽ ആരംഭിച്ചത്' -അദ്ദേഹം കൂട്ടിച്ചേർത്തു.

കോഴിക്കോട് ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ അധ്യക്ഷത വഹിച്ചു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ആമുഖപ്രഭാഷണം നടത്തി. കെസിബിസി സെക്രട്ടറി ജനറലും കണ്ണൂർ ബിഷപ്പുമായ ഡോ. അലക്സ് വടക്കുംതല അനുഗ്രഹ പ്രഭാഷണം നടത്തി.

താമരശ്ശേരി രൂപത വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, കേരള സോഷ്യൽ സർവീസ് ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ, സിഒഡി രൂപതാ ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര, വിവിധ രാഷ്ട്രീയ നേതാക്കൾ എന്നിവർ പ്രസംഗിച്ചു.

കെസിബിസി നടപ്പാക്കുന്ന താമരശ്ശേരി രൂപതയുടെ വിലങ്ങാട് പുനരധിവാസ പദ്ധതിയിലൂടെ 41 വീടുകളാണ് നിർമിക്കുന്നത്. വികാരി ജനറൽ മോൺ. അബ്രഹാം വയലിലാണ് ഭവന നിർമാണ പദ്ധതിയുടെ മേൽനോട്ട ചുമതല. സിഒഡിയുടെ നേതൃത്വത്തിലാണ് പദ്ധതി ഏകോപനം. വിലങ്ങാട് ഫൊറോന വികാരി ഫാ. വിൽസൺ മുട്ടത്തുകുന്നേൽ, മഞ്ഞക്കുന്ന് ഇടവക വികാരി ഫാ. ടിൻസ് മറ്റപ്പള്ളിൽ എന്നിവർ നേതൃത്വം നൽകും.

## ജെരാർദ് ജോൺ പന്തപ്പിള്ളി സീറോ മലബാർ സഭാതല പ്രതിഭ



സീറോ മലബാർസഭ വിശ്വാസ പരിശീലന സിനഡൽ കമ്മീഷന്റെ ആഭിമുഖ്യത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന പ്രതിഭാസംഗമത്തിൽ മരഞ്ചാട്ടി ഇടവകാംഗം ജെരാർദ് ജോൺ പ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ടു. സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ പുരസ്കാരം സമ്മാനിച്ചു.
പന്തപ്പിള്ളി ജോൺ-ജൂബി ദമ്പതികളുടെ മകനാണ്. സഹോദരി: ആഗ്നൽ മേരി ജോൺ.

രൂപതാ വാർത്തകളും സഭാ വാർത്തകളും മറ്റു വിശേഷങ്ങൾക്കുമായി QR കോഡ് സ്കാൻ ചെയ്യൂ

## ഇവർ അഭിമാന താരങ്ങൾ



### ലഫ്.കമാൻഡർ പ്രണോയ് റോയ്

● സിയാച്ചിനിലെ ഇരുപതിനായിരം അടി ഉയരത്തിലെ ഹെലിപാഡിൽ ഹെലികോപ്റ്റർ ഇറക്കി ചരിത്രനേട്ടത്തിനുടമയായ പുല്ലൂരാംപാറ ഇടവകാംഗം. സിയാച്ചിൻ ക്യാപ്റ്റൻ പദവിക്കും പ്രണോയ് അർഹനായി. കുംബ്ലാട്ടുകുന്നേൽ റോയിയുടെയും അൽഫോൻസയുടെയും മകനാണ്. ഇന്ത്യൻ നേവി 614(1) ബ്രിഗേഡിലെ അംഗമായ അദ്ദേഹം സൈന്യത്തിന്റെ പുതിയ സംരംഭമായ നേവി, ആർമി, എയർഫോഴ്സസ് ക്രോസ് അറ്റാച്ച്മെന്റിൽ ചേരുകയും പൈലറ്റ് ആയി സിയാച്ചിൻ മഞ്ഞുപാളിയിൽ ഏറ്റവും ഉയർന്ന സ്ഥലത്ത് ഹെലികോപ്റ്റർ പറത്തുകയും ചെയ്തു. സഹോദരി അനഘ റോയി ആർമിയിലെ നഴ്സിങ് ക്യാപ്റ്റനാണ്.



### കെ. എഫ്. ജോർജ്

● മാസ് മീഡിയ ട്രസ്റ്റ് ഏർപ്പെടുത്തിയ പത്രപ്രവർത്തനരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്ക്കാരം നേടി. മുതിർന്ന പത്രപ്രവർത്തകനും മലബാർ വിഷൻ എഡിറ്റോറിയൽ ബോർഡ് അംഗവുമാണ്. ദീപികയിൽ സബ് എഡിറ്ററായി പത്രപ്രവർത്തനം ആരംഭിച്ചു. 1981-ൽ മലയാള മനോരമയിൽ ചേർന്നു. 36 വർഷത്തെ സേവനത്തിനു ശേഷം അസിസ്റ്റന്റ് എഡിറ്ററായി വിരമിച്ചു. 10 വർഷം അഖില കേരള ബാലജനസഖ്യം ഉത്തര മേഖല ശങ്കരച്ചേട്ടന്റെ പ്രതിനിധിയായി പ്രവർത്തിച്ചു. ലയൺസ് ഇന്റർ നാഷണൽ, പ്രഫ. എം. പി. പോൾ, വൈഎംസിഎ ജനചേതന, ഡോ. അംബേദ്ക്കർ, ഇ. മൊയ്തു മൗലവി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.



### ലിയ ട്രീസ കേഴപ്ലാക്കൽ

● തുടർച്ചയായ രണ്ടാം വർഷവും ലോഗോസ് ക്വിസ് സംസ്ഥാനതല മെഗാ ഫൈനൽ മത്സരത്തിൽ ബി കാറ്റഗറിയിൽ ഒന്നാം സ്ഥാനം. 15,000 രൂപയും സ്വർണ്ണമെഡലും ലിയയ്ക്ക് സമ്മാനമായി ലഭിച്ചു. കൂരോട്ടുപാറ ഇടവകാംഗമായ കേഴപ്ലാക്കൽ സുനിൽ - ഷീന ദമ്പതികളുടെ മകളാണ് ലിയ. അഞ്ചാം ക്ലാസ് മുതൽ ലിയ ലോഗോസ് ക്വിസിൽ പങ്കെടുക്കുന്നുണ്ട്. പഠനത്തോടൊപ്പം ലോഗോസ് ക്വിസ് പഠനത്തിനും പ്രാധാന്യം നൽകിയിരുന്നെന്ന് ഈ കൊച്ചുമിടുക്കി പറയുന്നു. ലിയയുടെ സഹോദരൻ ലെവിൻ സുനിൽ കേഴപ്ലാക്കൽ ഇത്തവണ എ കാറ്റഗറിയിൽ സംസ്ഥാനതല മെഗാ ഫൈനൽ മത്സരത്തിൽ പങ്കെടുത്തിരുന്നു.



### അൽക്ക ഷിനോജ്

● സംസ്ഥാന സ്കൂൾ ഒളിംപിക്സിൽ നാലിനങ്ങളിൽ സ്വർണ്ണം നേടി, വ്യക്തിഗത ചാമ്പ്യൻ പട്ടം കരസ്ഥമാക്കി. ജൂനിയർ ഗേൾസ് വിഭാഗത്തിൽ 200, 400, 600 എന്നീ ഇനങ്ങളിലും റിലേയിലുമായിരുന്നു അൽക്കയുടെ സ്വർണ്ണ നേട്ടം. കുളത്തുവയൽ സെന്റ് ജോർജ് എച്ച്എസ്എസ് വിദ്യാർത്ഥിനിയായ അൽക്ക കൂരാച്ചുണ്ട് ഇടവകാംഗവും സിആർപിഎഫ് ഉദ്യോഗസ്ഥനുമായ ചേറ്റാനിയിൽ ഷിനോജിന്റെയും ജിതിനയുടെയും മകളാണ്. കുളത്തുവയൽ ജോർജിയൻ അക്കാദമി പരിശീലകൻ കെ. എം. പീറ്റർ, കുളത്തുവയൽ സ്കൂൾ കായിക അധ്യാപിക സിനി ജോസഫ് എന്നിവരുടെ ശിക്ഷണത്തിലാണ് അൽക്ക സ്കൂൾ ഒളിംപിക്സിനായി തയ്യാറെടുത്തത്.

## കോർപ്പറേറ്റ് സ്കൂളുകളിൽ അധ്യാപകനിയമനം

താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ അടുത്ത വർഷങ്ങളിൽ ഉണ്ടാകാൻ സാധ്യതയുള്ള പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി അധ്യാപക ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. നിയമിക്കപ്പെടുന്നതിന് ആവശ്യമായ നിയമാനുസൃത യോഗ്യതകൾ നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾ നിശ്ചിത ഫോർമാറ്റിൽ അപേക്ഷിക്കണം.

അപേക്ഷകർ 01–01–2025 നുമുമ്പ് നിശ്ചിതയോഗ്യത നേടിയവരായിരിക്കണം. അപേക്ഷിക്കാനുള്ള ഉയർന്ന പ്രായപരിധി 01–01–2025–ന് 38 വയസിൽ താഴെയായി നിജപ്പെടുത്തിയിട്ടുണ്ട്. താമരശ്ശേരി രൂപതാ പരിധിയിൽ ഉൾപ്പെടുന്ന കോഴിക്കോട്, മലപ്പുറം ജില്ലകളിൽ സ്ഥിരതാമസക്കാരായ അപേക്ഷകർക്ക് മുൻഗണന ലഭിക്കും.

എഴുത്തു പരീക്ഷ, വാചാപരീക്ഷ, ഇന്റർവ്യൂ, പ്രാക്ടിക്കൽ ക്ലാസ്സ് എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന അന്തിമ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവരെയാണ് നിയമനങ്ങൾക്ക് പരിഗണിക്കുക. ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗത്തിൽ ഓപ്പൺ ക്വാട്ടയിൽ നേരിട്ടുള്ള നിയമനത്തിനും ഈ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മുൻഗണന ലഭിക്കും. അപേക്ഷ ഫോം കോർപ്പറേറ്റ് മാനേജരുടെ ഓഫീസിൽ നിന്നും 01–01–2025 മുതൽ ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ യോഗ്യത സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം 31–01–2025 ന് മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ ലഭിച്ചിരിക്കണം. പരീക്ഷ തീയതി, കേന്ദ്രം, സിലബസ് തുടങ്ങിയ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

LPST–ആവശ്യമായ യോഗ്യതകൾ: i) DEd/TTC, ii) KTet Category I/II, UPST, HST, HSST– ആവശ്യമായ യോഗ്യതകൾ: i) താഴെപ്പറയുന്ന വിഷയങ്ങൾ ഐച്ഛിക വിഷയമായി പഠിച്ച് അംഗീകൃത സർവ്വകലാശാലയിൽനിന്നും റഗുലർ പഠനം വഴി നേടിയിട്ടുള്ള ബിരുദം/ ബിരുദാനന്തര ബിരുദം ii) ബി.എഡ്./എം.എഡ് ബിരുദം, iii) കെ.ടെറ്റ് കാറ്റഗറി– II/III/ SET/NET/M.Phil. ഐച്ഛികവിഷയങ്ങൾ: മലയാളം, ഇംഗ്ലീഷ്, ഹിന്ദി, മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, ജോഗ്രഫി.

# കെസിവൈഎം സംസ്ഥാന കലോത്സവം: താമരശ്ശേരി രൂപതയ്ക്ക് രണ്ടാം സ്ഥാനം

**തിരുവനന്തപുരം●** തുമ്പ സെന്റ് സേവ്യേഴ്സ് കോളജിൽ നടന്ന 'ഉത്സവ് 2024' കെസിവൈഎം സംസ്ഥാന കലോത്സവത്തിൽ മിന്നും പ്രകടനം കാഴ്ചവച്ച് താമരശ്ശേരി രൂപതയിലെ യുവജനങ്ങൾ. 198 പോയിന്റുകളോടെ താമരശ്ശേരി രൂപത രണ്ടാം സ്ഥാനം നേടി. 217 പോയിന്റ് നേടിയ ചങ്ങനാശ്ശേരി അതിരൂപതയാണ് ഒന്നാം സ്ഥാനത്ത്. മൂന്നാം സ്ഥാനം നേടിയ നെയ്യാറ്റിൻകര രൂപത 196 പോയിന്റ് നേടി.

മൂന്ന് റീത്തുകളിൽ നിന്നുമായി 32 രൂപതകൾ മാറ്റുരച്ച കലാമാമാങ്കത്തിൽ താമരശ്ശേരി രൂപതയിൽ നിന്ന് 96 യുവജനങ്ങൾ പങ്കെടുത്തു. 'ആഴ്ചകളും മാസങ്ങളും നീണ്ട പരിശ്രമത്തിന്റെ ഫലമാണ് ഈ വലിയ വിജയം. മാതാപിതാക്കളുടെയും യൂണിറ്റ് ഡയറക്ടർ അച്ചന്മാരുടെയും സിസ്റ്റർമാരുടെയും കെസിവൈഎം ഭാരവാഹികളുടെയും വലിയ പിന്തുണയും ഓരോ മത്സരാർത്ഥിയുടെയും കഠിനാദ്ധ്വാനവും എടുത്തു പറയേണ്ടതാണ്.' കെസിവൈഎം ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ പറഞ്ഞു.



കെസിവൈഎം സംസ്ഥാന കലോത്സവത്തിൽ രണ്ടാം സ്ഥാനം നേടിയ താമരശ്ശേരി രൂപതാ ടീം

സംസ്ഥാനതലത്തിൽ വിജയികളായവർ: അലൻ റോയ് (നോട്ടീസ് നിർമാണം ഒന്നാം സ്ഥാനം), റിച്ചാഡ് ജോൺ (വാർത്താ റിപ്പോർട്ട്, ഒന്നാം സ്ഥാനം), വിമൽ മാത്യു (കാർട്ടൂൺ, രണ്ടാം സ്ഥാനം), നിയ ചാർലി (ലളിത ഗാനം, ഒന്നാം സ്ഥാനം), അക്സ സാബു (നാടോടി നൃത്തം, ഒന്നാം സ്ഥാനം), പി. കെ. ജോബിൻസ് (നാടോടി നൃത്തം, ഒന്നാം സ്ഥാനം), ബിൽഹ മാത്യു (മോണോആക്ട്, ഒന്നാം സ്ഥാനം), ബെഞ്ചമിൻ തോമസ് (സ്പോട്ട് കൊറിയോഗ്രാഫി, രണ്ടാം സ്ഥാനം), മിൽന മാത്യു (മിമിക്രി, മൂന്നാം സ്ഥാനം), സോന ശാന്തി (ഫോട്ടോഗ്രാഫി, മൂന്നാം സ്ഥാനം)

കൂടാതെ ഗാനമേളയിൽ ഒന്നാം സ്ഥാനവും ഷോർട്ട് ഫിലിമിൽ രണ്ടാം സ്ഥാനവും താമരശ്ശേരി രൂപതയ്ക്കാണ്. മൈം, ചവിട്ടുനാടകം, തെരുവുനാടകം, നാടൻപാട്ട്, ക്വിസ് എന്നീ ഇനങ്ങളിൽ താമരശ്ശേരി രൂപതയ്ക്ക് മൂന്നാം സ്ഥാനമുണ്ട്.

## മുനമ്പം: കെസിവൈഎം നിരാഹാര സമരം നടത്തി

**കോടഞ്ചേരി●** മുനമ്പം ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കെസിവൈഎം താമരശ്ശേരി രൂപതാ സമിതി 24 മണിക്കൂർ ഉപവാസ സമരം നടത്തി. രൂപതാ ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, കെസിവൈഎം ഭാരവാഹികളായ റിച്ചാഡ് ജോൺ, അലൻ ബിജു, ബോണി സണ്ണി, ഡെൽബിൻ സെബാസ്റ്റ്യൻ, അബിൻ പാലാട്ട്, അമൽ ജോയ്, അനോൺ സുനിൽ എന്നിവരാണ് നിരാഹാരം അനുഷ്ഠിച്ചത്. വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ ഉദ്ഘാടനം ചെയ്തു. റിച്ചാഡ് ജോൺ അധ്യക്ഷത വഹിച്ചു. ഫാ. കുര്യാക്കോസ് ഐക്കൊളമ്പിൽ, ഡോ. ചാക്കോ കാളാംപറമ്പിൽ, ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, ഫാ. തോമസ് മേലാട്ട്, സിസ്റ്റർ റൊസീൻ എസ്എബിഎസ്, അഡ്വ. സാം സണ്ണി ഓടക്കൻ, അലീന മാത്യു, അലൻ ബിജു എന്നിവർ പ്രസംഗിച്ചു.

## നൂതന സഭാപ്രബോധന പഠനവും സമർപ്പിത സംഗമവും

**മേരിക്കുന്ന്●** താമരശ്ശേരി രൂപതയുടെ ദൈവശാസ്ത്ര–ബൈബിൾ പഠന കേന്ദ്രമായ പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട് സമർപ്പിതർക്കായി സംഘടിപ്പിച്ച നൂതന സഭാപ്രബോധനങ്ങളുടെ പഠനവും സമർപ്പിത സംഗമവും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ബിനു കുളത്തിങ്കൽ, ഫാ. സൈമൺ കിഴക്കേക്കുന്നേൽ, സിസ്റ്റർ ഷീല, സിസ്റ്റർ ഡോ. ആനി ദീപ എഫ്സിസി എന്നിവർ പ്രസംഗിച്ചു. റവ. ഡോ. മാറ്റസ് കോരംകോട്ട്, റവ. ഡോ. സോജ ജോൺ എംഎസ്എംഐ, റവ. ഡോ. അമല ജെയിംസ് എസ്എച്ച് എന്നിവർ വിവിധ വിഷയങ്ങളിലുള്ള സഭാപ്രബോധനങ്ങൾ അവതരിപ്പിച്ചു. വിവിധ വിഷയങ്ങളെക്കുറിച്ച് ഗ്രൂപ്പ് ചർച്ചകളും നടന്നു.

## എഫ്എസ്ടി യോഗം

**താമരശ്ശേരി●** ഫെലോഷിപ്പ് ഓഫ് താമരശ്ശേരി സിസ്റ്റേഴ്സിന്റെ (എഫ്എസ്ടി) ഈ വർഷത്തെ അവസാന യോഗം താമരശ്ശേരി ബിഷപ്സ് ഹൗസിൽ നടന്നു. താമരശ്ശേരി രൂപതാ വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ ഉദ്ഘാടനം ചെയ്തു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അനുഗ്രഹപ്രഭാഷണം നടത്തി. രൂപതാ ചാൻസലർ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്, സിസ്റ്റർ വിമൽ റോസ് എംഎസ്എംഐ, സിസ്റ്റർ ദീപ്തി എഫ്സിസി, സിസ്റ്റർ മെറ്റിൽഡ ഡിപിഎംഡി, സിസ്റ്റർ ഇഗ്നേഷ്യ എസ്എബിഎസ് എന്നിവർ പ്രസംഗിച്ചു. ക്ലാസുകൾക്ക് മതബോധന രൂപതാ ഡയറക്ടർ ഫാ. രാജേഷ് പള്ളിക്കാവയലിൽ നേതൃത്വം നൽകി.

പുതിയ ഭാരവാഹികളായി സിസ്റ്റർ ഉദയ സിഎംസി (പ്രസിഡന്റ്), സിസ്റ്റർ വിനീത എഫ്സിസി (സെക്രട്ടറി), സിസ്റ്റർ സെലസ്റ്റി എംഎസ്എംഐ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

# കുടിയേറ്റ മേഖലയുടെ വളർച്ചയ്ക്ക് രൂപതയുടെ സംഭാവനകൾ നിസ്തുലം: ഗോവ ഗവർണർ

**തിരുവമ്പാടി ●** സിഢിയുടെ 35–ാമത് വാർഷിക ആഘോഷം തിരുവമ്പാടി പാരിഷ് ഹാളിൽ ഗോവ ഗവർണർ പി. എസ്. ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്തു. മലയോര കുടിയേറ്റ മേഖലയുടെ വളർച്ചയ്ക്ക് താമരശ്ശേരി രൂപതയും സിഢിയും നൽകിയ സംഭാവനകൾ നിസ്തുലമാണെന്നും ക്രിസ്തു പകർന്നു നൽകിയ കരുണയുടെ സന്ദേശം പ്രവൃത്തികളിലൂടെ അനേകരിലേക്ക് എത്തിക്കുകയാണ് സിഢിയെന്നും അദ്ദേഹം പറഞ്ഞു.

നാനാജാതി മതസ്ഥരുടെ സമഗ്രവികസനത്തിനായി താമരശ്ശേരി രൂപതയുടെ സോഷ്യൽ സർവീസ് സൊസൈറ്റിയായ സിഢി നടത്തുന്ന ജനക്ഷേമ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് പി. എസ്. ശ്രീധരൻ പിള്ള കൂട്ടിച്ചേർത്തു. സിഢി രക്ഷാധികാരിയായ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അധ്യക്ഷത വഹിച്ചു. ഫാ. അബ്രഹാം പുളിഞ്ചുവട്ടിലിന്റെ അഗ്രികൾച്ചറൽ തീസിസ് ഗവർണർ പ്രകാശനം ചെയ്തു. രൂപതാ സ്ഥാപനങ്ങളായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ആന്റ് അഗ്രിക്കൾച്ചറൽ എത്തിക്സിന്റെയും താമരശ്ശേരി അഗ്രികൾച്ചറൽ ഫാർമേഴ്സ് കോ–ഓപ്പറേറ്റീവ് സൊസൈറ്റിയുടെയും വെബ്സൈറ്റ് ലോഞ്ചിങ് ഗവർണ്ണർ നിർവഹിച്ചു. 35 വർഷം സിഢിയിൽ സേവനം ചെയ്ത പ്രോഗ്രാം കോ–ഓർഡിനേറ്റർ കെ. സി. ജോയിയെ ചടങ്ങിൽ ആദരിച്ചു. വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, ലിന്റോ ജോസഫ്


സിഢിയുടെ 35–ാമത് വാർഷികാഘോഷ ഉദ്ഘാടന ചടങ്ങിൽ നിന്ന്

എംഎൽഎ, കേരള സോഷ്യൽ സർവീസ് ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ, തിരുവമ്പാടി പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ജോൺസൺ, ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ, സിഢി ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര, കെ. സി. ജോയി എന്നിവർ പ്രസംഗിച്ചു. തിരുവമ്പാടി ടൗണിൽ ഘോഷയാത്രയും സംഘടിപ്പിച്ചു.

# ആവേശമായി 'ടാലൻഷിയ 1.0'

**തിരുവമ്പാടി ●** താമരശേരി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി നടത്തിയ ഇന്റർ സ്കൂൾ മെഗാ ക്വിസ് 'ടാലൻഷിയ 1.0' ഗ്രാന്റ് ഫിനാലെ ആവേശകരമായ മത്സരംകൊണ്ട് ശ്രദ്ധേയമായി.

എൽപി വിഭാഗത്തിൽ ഫാത്തിമ എയുപിഎസ് പെരുവണ്ണാമൂഴി ഒന്നാം സ്ഥാനം നേടി. സെന്റ് ജോസഫ്സ് എൽപിഎസ് കോടഞ്ചേരി രണ്ടും, ഫാത്തിമ യുപിഎസ് പരിയാപുരം മൂന്നും, ലിറ്റിൽ ഫ്ളവർ യുപിഎസ് പശുക്കടവ് നാലും സ്ഥാനങ്ങൾ കരസ്ഥമാക്കി.

യുപി വിഭാഗത്തിൽ സെന്റ് തോമസ് യുപിഎസ് പുല്ലൂരാംപാറ ഒന്നാം സ്ഥാനം നേടി. വിമല യുപിഎസ് മഞ്ഞുവയൽ രണ്ടും, സെന്റ് തോമസ് യുപിഎസ് കൂരാച്ചുണ്ട് മൂന്നും, ഹോളി ഫാമിലി യുപിഎസ് പടത്തുകടവ് നാലും സ്ഥാനങ്ങൾ സ്വന്തമാക്കി.

ഹൈസ്കൂൾ വിഭാഗത്തിൽ സെന്റ് ആന്റണീസ് എച്ച്എസ് കണ്ണോത്ത് ഒന്നാം സ്ഥാനം നേടി. സെന്റ് ജോർജ് എച്ച്എസ്എസ് കുളത്തുവയൽ രണ്ടും, സെന്റ് ജോസഫ്സ് എച്ച്എസ്എസ് പുല്ലൂരാംപാറ മൂന്നും, സെന്റ് ജോസഫ്സ് എച്ച്എസ് ചെമ്പനോട നാലും സ്ഥാനങ്ങൾ കൈവരിച്ചു.

ഹയർ സെക്കൻഡറി വിഭാഗത്തിൽ സെന്റ് മേരീസ് എച്ച്എസ്എസ് കല്ലാനോട് ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഹോളി ഫാമിലി എച്ച്എസ്എസ് പടത്തുകടവ് രണ്ടും, ഹോളി ഫാമിലി എച്ച്എസ്എസ് വേനപ്പാറ മൂന്നും, സെന്റ് ജോസഫ്സ് എച്ച്എസ്എസ് പുല്ലൂരാംപാറ നാലും സ്ഥാനങ്ങൾ നേടി.



കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി നടത്തിയ ഇന്റർ സ്കൂൾ മെഗാ ക്വിസ് 'ടാലൻഷിയ 1.0' ഗ്രാന്റ് ഫിനാലെ വിജയികൾ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിനൊപ്പം

തിരുവമ്പാടി അൽഫോൻസാ കോളജിൽ നടന്ന സമാപന സമ്മേളനം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. വിജയികൾക്കുള്ള രണ്ട് ലക്ഷം രൂപയുടെ ക്യാഷ് അവാർഡും ബിഷപ് വിതരണം ചെയ്തു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗ്ഗീസ് പാലക്കാട്ട് അധ്യക്ഷത വഹിച്ചു. അൽഫോൻസ കോളജ് മാനേജർ ഫാ. സജി മങ്ങരയിൽ, പ്രിൻസിപ്പൽ പ്രഫ. ചാക്കോ കാളം പറമ്പിൽ, എച്ച്എം ആന്റ് പ്രിൻസിപ്പാൾ ഫോറം പ്രസിഡന്റ് വിപിൻ എം. സെബാസ്റ്റ്യൻ, സെക്രട്ടറി റോഷിൻ മാത്യു എന്നിവർ പ്രസംഗിച്ചു.

ക്വിസ് മാസ്റ്റർ ഫാ. മനോജ് കൊല്ലംപറമ്പിലിന്റെ നേതൃത്വത്തിലാണ് രണ്ടു ദിവസങ്ങളായി നടന്ന മെഗാ ക്വിസ് 'ടാലൻഷിയ 1.0 ഗ്രാന്റ് ഫിനാലെ' നടത്തിയത്.

## പുസ്തക പരിചയം

**താമരശ്ശേരി രൂപതാ വൈദികനും ശാലോം വേൾഡ് ഫോർമേഷൻ ഡയറക്ടറുമായ റവ. ഡോ. ജെയിംസ് കിളിയനാനിക്കൽ രചിച്ച ഗ്രന്ഥങ്ങൾ.**




### ത്രിത്വം: ഗ്രാഹ്യവും അഗ്രാഹ്യവും

ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രമായ ത്രിത്വരഹസ്യത്തിന്റെ നേർക്കാഴ്ച സമ്മാനിക്കുന്ന അതിവിശിഷ്ട ഗ്രന്ഥം. ത്രിതൈ്വക ജീവിതത്തിലേക്കുള്ള ക്ഷണവും ത്രിത്വ രഹസ്യത്തെക്കുറിച്ചുള്ള പഠനവും സമ്മേളിക്കുന്ന ഗ്രന്ഥം.

### പരിശുദ്ധാത്മാവ് ഒരു സമഗ്ര പഠനം

പരിശുദ്ധാത്മാവിൽ ഒരു തീർത്ഥാടനം സമ്മാനിക്കുന്ന ഗ്രന്ഥം. ധ്യാനവും മനനവും അപഗ്രഥനവും പ്രബോധനവും സംയോജിപ്പിച്ചുകൊണ്ട് വചനാധിഷ്ഠിതമായി അണിയിച്ചൊരുക്കിയിരിക്കുന്നു. ആത്മാവിൽ പൂരിതരായി കൃപാവരത്തിൽ വളരാനും സത്യവിശ്വാസം ഗ്രഹിക്കാനും ഈ ഗ്രന്ഥം സഹായിക്കും.

### ദൈവരാജ്യം സത്യത്തിലും നീതിയിലും

ദൈവരാജ്യമാകുന്ന സഭ സത്യത്തിലും നീതിയിലും കരുണയിലും പടുത്തുയർത്തപ്പെടണമെന്ന പ്രവാചക ശബ്ദം മുഴങ്ങുന്ന ഗ്രന്ഥം. വിശുദ്ധ ഗ്രന്ഥത്തിൽ ആദ്യന്തം ഇതൾ വിരിയുന്ന സത്യ, നീതി ദർശനങ്ങളെ അവതരിപ്പിച്ചുകൊണ്ട് സഭ ദൈവരാജ്യമാകണമെങ്കിൽ സത്യത്തിന്റെ കെടാവിളക്കും നീതിയുടെ നിർഝരിയുമായി മാറണമെന്ന ഉദ്ബോധനമാണ് ഈ ഗ്രന്ഥത്തിന്റെ ഉൾക്കാമ്പ്.

മൂന്നു പുസ്തകങ്ങളും സോഫിയ ബുക്ക് പ്രസിദ്ധീകരിച്ചിരിക്കുന്നു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രകാശനം ചെയ്തു.

### ടുവേർഡ്സ് ദ ട്രൂത്ത്




താമരശ്ശേരി രൂപതാ വൈദികൻ റവ. ഡോ. ജോസ് പെണ്ണാപറമ്പിൽ എഴുതിയ ഗ്രന്ഥം. ക്രിസ്ത്യൻ, ഇസ്ലാം വിശ്വാസങ്ങളെ വിമർശനാത്മകമായി വിശകലനം ചെയ്യുകയാണ് ഈ ഗ്രന്ഥത്തിൽ. ഇംഗ്ലീഷിലാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. 12 അധ്യായങ്ങൾ. വില 575 രൂപ.


VIMALA BOOK CENTRE
AMALAPURI, KOZHIKODE - 673 001
ക്രിസ്തീയ ഭക്തവസ്തുക്കളുടെ ശേഖരം
തിരുവസ്ത്രങ്ങൾ, രൂപങ്ങൾ, സക്രാരി,
കാസ, പിലാസ, ഫോട്ടോ ഫ്രെയിം,
പ്രാർത്ഥനാ പുസ്തകങ്ങൾ
ജപമാല, ഭക്തവസ്തുക്കൾ Etc..
TIME: 9.30 AM TO 6.00 PM
+91 8089 423 888/0495 276 12 07



എം. എം. തോമസ് & റോസക്കുട്ടി തോമസ്
മുത്തനാട്ട്, ചേവായൂർ, കോഴിക്കോട്
സ്നേഹാശംസകളോടെ:- മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, കുഞ്ഞുമക്കൾ

# ഫിയസ്റ്റ 2k24 കരോൾ ഗാന മത്സരം

**താമരശ്ശേരി രൂപത കമ്മ്യൂണിക്കേഷൻ മീഡിയയും ചെറുപുഷ്പ മിഷൻലീഗും സംയുക്തമായി സംഘടിപ്പിച്ച ഫിയസ്റ്റ 2k24 കരോൾഗാന മത്സരത്തിൽ 25 ടീമുകൾ പങ്കെടുത്തു. വിജയികൾക്ക് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.**



ഈസ്റ്റ്ഹിൽ ഇടവക ടീം



മരിയാപുരം ഇടവക ടീം



അശോകപുരം ഇടവക ടീം

# ക്ഷീരസാന്ത്വനം: ക്ഷീരകർഷക ഇൻഷുറൻസ് പദ്ധതി

**ഇൻഷുറൻസ് പദ്ധതിയിൽ അംഗത്വം എടുക്കാൻ തൊട്ടടുത്തുള്ള ക്ഷീരസഹകരണ സംഘങ്ങളുമായോ ബ്ലോക്കുകളിലെ ക്ഷീരവികസന യൂണിറ്റ് ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്**

## പദ്ധതി പരിചയം



**ഡോ. ഹിമ സുബിൻ കൂനംതടത്തിൽ**

ക്ഷീരവികസന വകുപ്പ്, കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്, മേഖലാ സഹകരണ ക്ഷീരോൽപാദക യൂണിറ്റുകൾ (മിൽമ), പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവ സംയുക്തമായി നടപ്പാക്കുന്ന സമഗ്ര ക്ഷീരകർഷക ഇൻഷുറൻസ് പദ്ധതിയാണ് 'ക്ഷീരസാന്ത്വനം.'

ഇതിൽ ക്ഷീരകർഷകർക്കും സഹകരണസംഘം ജീവനക്കാർക്കും അംഗത്വമെടുക്കാം. ക്ഷീരകർഷകരുടെ കറവ മാടുകളെയും പദ്ധതിയിൽ ഉൾപ്പെടുത്താം.

### പദ്ധതിയുടെ സവിശേഷതകൾ

ആരോഗ്യ സുരക്ഷാ, അപകട സുരക്ഷാ, ലൈഫ് ഇൻഷുറൻസ്, ഗോ സുരക്ഷാ പോളിസികളാണ് പദ്ധതി വഴി അനുവദിക്കുന്നത്. ആരോഗ്യ സുരക്ഷാ പോളിസിയിൽ 80 വയസ് വരെയുള്ള കർഷകരുടെ കുടുംബത്തിന് ഒരു ലക്ഷം രൂപവരെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. അപകട സുരക്ഷാ പോളിസിയിൽ കർഷകൻ അപകടം മൂലം മരിക്കുകയോ അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ 7 ലക്ഷം രൂപ വരെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുകയും മരിച്ച കർഷകരുടെ മക്കൾക്ക് 50,000 രൂപ വരെയുള്ള വിദ്യാഭ്യാസ ധനസഹായം ലഭിക്കുകയും ചെയ്യും.



ലൈഫ് ഇൻഷുറൻസ് പോളിസിയിൽ 18 വയസു മുതൽ 60 വയസു വരെയുള്ള ക്ഷീരകർഷകർക്ക് ഒരു വർഷത്തേക്ക് ഒരു ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. ഗോ സുരക്ഷാ പോളിസി മുഖേന കന്നുകാലികൾക്ക് 70,000 രൂപ വരെ ലഭ്യമാകും. ഓരോ ഇനത്തിലും ചേരുന്നവർക്ക് പ്രീമിയത്തിൽ നിയമാനുസൃത സബ്സിഡി അനുവദിക്കുന്നു.

ഇൻഷുറൻസ് പദ്ധതിയിൽ അംഗത്വം എടുക്കാൻ താല്പര്യമുള്ളവർ തൊട്ടടുത്തുള്ള ക്ഷീരസഹകരണ സംഘങ്ങളുമായോ ബ്ലോക്കുകളിലെ ക്ഷീരവികസന യൂണിറ്റ് ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്.

*(കേന്ദ്ര കൃഷിവകുപ്പിൽ ശാസ്ത്രജ്ഞയാണ് ലേഖിക)*

# നേട്ടം

**സജി എം. നരിക്കുഴി**



● ദക്ഷിണ ഭാരത ഹിന്ദി പ്രചാര സഭയുടെ പുരസ്കാരം നേടി. മഹാത്മാ ഗാന്ധിയാൽ സ്ഥാപിതമായ ദക്ഷിണ ഭാരത ഹിന്ദി പ്രചാര സഭയുടെ ചെന്നൈയിൽ നടന്ന ബിരുദദാന സമ്മേളനത്തിൽ കേന്ദ്ര തുറമുഖ - ജലഗതാഗത വകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ അവാർഡും പ്രശസ്തി പത്രവും കൈമാറി. മലയാള സാഹിത്യത്തിന് നൽകിയ സംഭാവനകൾ പരിഗണിച്ചാണ് അവാർഡ്. കല്ലാനോട് ഇടവകാംഗമാണ്. വിത്ത്, ചെപ്പ്, സ്ത്രീ ഭാരത ശ്രീ, വേര്, വാക്ക് എന്നിങ്ങനെ ശ്രദ്ധേയമായ രചനകൾ സജിയുടേതായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാര്യ : ജിജി ജോർജ് (മുക്കം ഡോൺ ബോസ്കോ കോളജ് വൈസ് പ്രിൻസിപ്പൽ), മക്കൾ: അശ്വിൻ ജി. സജി, ആൽവിൻ ജി. സജി.

# മാതൃവേദി കരോൾഗാന മത്സരം: പശുക്കടവ് ഇടവക ഒന്നാമത്



ഒന്നാം സ്ഥാനം നേടിയ പശുക്കടവ് ഇടവക ടീം

**താമരശ്ശേരി●** സീറോ മലബാർ മാതൃവേദി താമരശ്ശേരി രൂപതാ സമിതി സംഘടിപ്പിച്ച കരോൾ ഗാനമത്സരത്തിൽ പശുക്കടവ് ഇടവക ഒന്നാം സ്ഥാനം നേടി. കല്ലാനോട് ഇടവക രണ്ടും തിരുവമ്പാടി ഇടവക മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

രണ്ടു ഘട്ടങ്ങളിലായാണ് മത്സരം നടത്തിയത്. ആദ്യഘട്ടത്തിൽ 11 മേഖലകളിൽ നിന്നുള്ള ടീമുകൾ മത്സരിച്ചു. ഒന്നാം സ്ഥാനം നേടിയ ടീമുകൾ രൂപതാതലത്തിൽ മാറ്റുരച്ചു. വിജയികൾക്ക് യഥാക്രമം 3000 രൂപ, 2000 രൂപ, 1000 രൂപ ക്യാഷ് അവാർഡുകൾ സമ്മാനിച്ചു.

## ഉപകാരസ്മരണ

**വി. യൂദാശ്ലീഹായോടുള്ള നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വിശുദ്ധ യൂദാശ്ലീഹായെ ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിലും ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞങ്ങളപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ സദാ ഞങ്ങൾ ഓർക്കുമെന്നും, അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.

മേരിക്കുട്ടി ചെമ്പനോട

## ഉപകാരസ്മരണ

**വി. യൂദാശ്ലീഹായോടുള്ള നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വിശുദ്ധ യൂദാശ്ലീഹായെ ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിലും ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞങ്ങളപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ സദാ ഞങ്ങൾ ഓർക്കുമെന്നും, അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.

അസാധ്യകാര്യങ്ങളുടെ മധ്യസ്ഥാ,
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ

ടിന്റു സെബാസ്റ്റ്യൻ മരഞ്ചാട്ടി

## ഉപകാരസ്മരണ



നവ്യ മരിയ സജി
താമരശ്ശേരി

## ഉപകാരസ്മരണ



ലീലാമ്മ തിരുവമ്പാടി

# ഫാ. എഫ്രേം പൊട്ടനാനിക്കലിന് അന്ത്യാഞ്ജലി



ആധ്യാത്മികതയിൽ അടിയുറച്ച്, ശക്തമായ നേതൃത്വവും കഠിനാദ്ധ്വാനവുംകൊണ്ട് ജനത്തെ മുന്നോട്ട് നയിച്ച താമരശ്ശേരി രൂപതാ വൈദികൻ ഫാ. എഫ്രേം പൊട്ടനാനിക്കൽ ഓർമ്മയായി. ഈരൂട് സെന്റ് ജോസഫ്സ് പള്ളിയിൽ നടന്ന സംസ്ക്കാര ശുശ്രൂഷകൾക്ക് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമികത്വം വഹിച്ചു.

1940 ഫെബ്രഫുവരി 25–ന് കോട്ടയം ജില്ലയിലെ ആനിക്കാട്, പൊട്ടനാനിക്കൽ തോമസ്–ഏലിക്കുട്ടി ദമ്പതികളുടെ പത്ത് മക്കളിൽ ഒമ്പതാമനായി ജനിച്ചു. പിന്നീട് കുടുംബം കോഴിക്കോട് കൂടത്തായിലേക്ക് കുടിയേറി. പ്രാഥമിക വിദ്യാഭ്യാസം കൂടത്തായി, കോടഞ്ചേരി സ്കൂളുകളിൽ പൂർത്തിയാക്കി. ഹൈസ്ക്കൂൾ വിദ്യാഭ്യാസം തൃശ്ശൂർ എൽത്തുരുത്ത് സെന്റ് അലോഷ്യസ് സ്കൂളിൽ പൂർത്തിയാക്കിയ ശേഷം തലശ്ശേരി രൂപതയുടെ കുന്നോത്ത് മൈനർ സെമിനാരിയിൽ വൈദിക പഠനം ആരംഭിച്ചു. ആലുവ കാർമ്മൽഗിരി, സെന്റ് ജോസഫ്സ് മേജർ സെമിനാരികളിലായിരുന്നു ഫിലോസഫി, തിയോളജി പഠനങ്ങൾ.

തലശ്ശേരി സെമിനാരി ചാപ്പലിൽ വെച്ച് 1967 ഡിസംബർ 17–ന്, മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയിൽ നിന്ന് വൈദികപട്ടം സ്വീകരിക്കുകയും ഡിസംബർ 18–ന് വേനപ്പാറ പള്ളിയിൽ പ്രഥമ ദിവ്യബലിയർപ്പിക്കുകയും ചെയ്തു. സുൽത്താൻ ബത്തേരി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി അജപാലന ശുശ്രൂഷ ആരംഭിച്ചു. പൂതംപാറ ഇടവകയിൽ വികാരിയായി സേവനം ചെയ്തു. ഇക്കാലത്ത് കരിങ്ങാട് സ്റ്റേഷൻ പള്ളിയുടെ ചുമതലയും നിർവഹിച്ചിരുന്നു. തലശ്ശേരി രൂപതയിലെ മാഞ്ഞോട്, ചന്ദനക്കാംപാറ, പാണത്തൂർ, മഞ്ഞുവയൽ, തിരൂർ (കുറ്റിപ്പുറം, പരപ്പനങ്ങാടി –സ്റ്റേഷൻ പള്ളികൾ), കുളത്തുവയൽ, കരുവാരക്കുണ്ട്, അശോകപുരം, പാറോപ്പടി, പുല്ലൂരാംപാറ, മലപ്പുറം, കണ്ണോത്ത് എന്നീ ഇടവകകളിലും വികാരിയായി സേവനം ചെയ്തു.

കമ്മ്യൂണിക്കേഷൻ മീഡിയ, ബൈബിൾ അപ്പോസ്തലേറ്റ്, ജീവൻ ടിവി കോ–ഓർഡിനേറ്റർ എന്നീ നിലകളിലും പ്രവർത്തിച്ചു. 2000–ൽ നവീകരണ പ്രസ്ഥാനത്തിന്റെ ഡയറക്ടറായി നിയമിതനായി. 2018–ൽ ഔദ്യോഗിക അജപാലന ജീവിതത്തിൽ നിന്ന് വിരമിച്ചു. വിശ്രമജീവിതം നയിക്കുമ്പോഴും കുളത്തുവയൽ നിർമ്മല റിട്രീറ്റ് സെന്ററിൽ ആദ്ധ്യാത്മിക പിതാവായി സേവനം ചെയ്തിരുന്നു. പരേതരായ എബ്രഹാം (കൂടത്തായി), ചാക്കോ (ചുങ്കക്കുന്ന്), ജോസഫ് (ചുങ്കക്കുന്ന്), മാത്യു (കൂടത്തായി), ഏലിക്കുട്ടി (കൂടത്തായി), മേരി തുരുത്തിയിൽ (കൂടത്തായി), സിസ്റ്റർ ഡിയോഡോറ്റ MC, സിസ്റ്റർ ഫിലോമിൻ SH, ആന്റണി എന്നിവർ സഹോദരങ്ങളാണ്.








# ക്വിസ് കോർണർ 2025

## 2025 ജനുവരി – ഫെബ്രുവരി ചോദ്യങ്ങൾ

*2024 നവംബർ – ഡിസംബർ ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**മോളി ചാക്കോച്ചൻ**
വാലിയിൽ, കൂടത്തായി

● രണ്ടാം സമ്മാനം, 500 രൂപ
**അമലു ആന്റണി**
ചെന്നക്കാട്ടുകുന്നേൽ, ചെമ്പനോട

● മൂന്നാം സമ്മാനം, 250 രൂപ
**സന്തോഷ് ജോൺ**
മഞ്ചേരിൽ, മരിയാപുരം

ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ് നമ്പർ
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. 2025 ജൂബിലി വർഷത്തിന്റെ ആപ്തവാക്യം എന്താണ്?
2. 2025 ജൂബിലി വർഷ ലോഗോ വരച്ച വ്യക്തിയുടെ പേര് എന്ത്?
3. 2025 ജൂബിലി വർഷത്തിന്റെ ഭാഗ്യമുദ്ര രൂപകൽപ്പന ചെയ്തത് ആര്?
4. ഫ്രാൻസിസ് മാർപാപ്പയുടെ നാലാമത്തെ ചാക്രിക ലേഖനത്തിന്റെ പേര്?
5. ദൃഢബന്ധങ്ങൾ രൂപീകൃതമാകുന്നത് എങ്ങനെ?
6. സഭാ ജീവിതത്തിൽ സംഭവിക്കാവുന്ന ഏറ്റവും വലിയ ചതിക്കുഴി എന്താണ്?
7. ഇന്ത്യയുടെ ആധാരശിലകൾ എന്തെല്ലാം?
8. ഡിജിറ്റൽ ആക്രമണങ്ങളിൽ നിന്ന് കംപ്യൂട്ടർ/മൊബൈൽ സിസ്റ്റങ്ങൾ, നെറ്റ്‌വർക്കുകൾ, പ്രോഗ്രാമുകൾ എന്നിവയെ സംരക്ഷിക്കുന്നതിന മേഖല ഏതാണ്?
9. മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, സോഫ്റ്റ്‌വെയർ എന്നീ എൻജിനീയറിങ് ശാഖകളുടെ സംയോജിത ശാഖ ഏത്?
10. സീറോ മലബാർ സഭ വിശ്വാസ പരിശീലന സിനഡൽ കമ്മീഷന്റെ ആഭിമുഖ്യത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന പ്രതിഭാസംഗമത്തിൽ പ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ട താമരശ്ശേരി രൂപതാംഗം ആര്?

**ഉത്തരങ്ങൾ 2025 ഫെബ്രുവരി 18 ന് മുമ്പ് ലഭിക്കണം**

## നവംബർ – ഡിസംബർ ലക്കം ഉത്തരങ്ങൾ

1. സ്റ്റീവൻ സ്പീൽബർഗ് 2. കൃപയുടെ ഭാഷ 3. സുഭാഷിതങ്ങളിൽ 4. ജസ്റ്റിസ് ഗുർബാൽ സിങ് അഹ്‌ലുവാലിയ 5. കഠിനമായ അധ്വാനം 6. ഫ്രാൻസിസ് പാപ്പ 7. ഫാ. തോമസ് ചിലമ്പിക്കുന്നേൽ 8. സി എ ഇന്റർമീഡിയേറ്റ് 9. റവ.ഡോ. കുര്യൻ പുരമഠം 10. കൃഷി വകുപ്പ്

## പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്. ● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല. ● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: 97 44 99 5553

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1 
2 
3 
4 
5 
6 
7 
8 
9 
10 

പേര്: ..........................................................

വീട്ടുപേര്: ..........................................................

ഇടവക: ..........................................................

ഫോൺ: ..........................................................

# ന്യൂജനായി ന്യൂജൻ കോഴ്സുകൾ

**ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ സയൻസ്, മെഷീൻ ലേണിങ്, റോബോട്ടിക്സ്, മെക്കട്രോണിക്സ്, സൈബർ സെക്യൂരിറ്റി തുടങ്ങിയ ന്യൂജെൻ കോഴ്സുകളുടെ പ്രസക്തി ഇപ്പോൾ ഏറി വരികയാണ്. ന്യൂജെൻ കോഴ്സുകളെയും കോഴ്സ് നടത്തുന്ന സ്ഥാപനങ്ങളെയും പരിചയപ്പെടാം.**

വിദ്യാധനം



പ്രഫ. ചാർലി കട്ടക്കയം

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI)




യുക്തിയധിഷ്ഠിതമായി പ്രവർത്തിക്കുക, അർത്ഥം കണ്ടുപിടിക്കുക, മുൻകാല അനുഭവം പഠിക്കുക, തെറ്റുകൾ തിരുത്തുക, താരതമ്യം ചെയ്യുക തുടങ്ങിയ മനുഷ്യരുടെ മാത്രം സ്വഭാവ സവിശേഷതകളെല്ലാമുള്ള ഒരു ഡിജിറ്റൽ സിസ്റ്റം വികസിപ്പിച്ചെടുക്കുന്ന പദ്ധതിയായി 'നിർമ്മിത ബുദ്ധി' അഥവാ ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ വിശേഷിപ്പിക്കാം. ആർട്ടിഫിഷ്യൽ ഇന്റലിജൻസും മെഷീൻ ലേണിങ് സാങ്കേതിക വിദ്യയുമാണ് ചാറ്റ് ജിപിടി പോലുള്ളവയുടെ സൃഷ്ടിക്ക് പിന്നിൽ പ്രവർത്തിക്കുന്നത്.


നിത്യജീവിതത്തിൽ നേരിട്ടിടപെടുന്ന രീതിയിലേക്ക് ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് എന്ന സാങ്കേതികവിദ്യ വളർന്നു കഴിഞ്ഞു. ഒപ്പം ഈ മേഖലയിലെ തൊഴിലവസരങ്ങളും. മാസങ്ങൾ മാത്രം ദൈർഘ്യമുള്ള സർട്ടിഫിക്കേറ്റ് കോഴ്സുകൾ മുതൽ മാസ്റ്റേഴ്സ് ബിരുദ കോഴ്സുകൾ വരെ ഈ മേഖലയിലുണ്ട്. സർട്ടിഫിക്കറ്റ് ഡിപ്ലോമ കോഴ്സുകൾക്ക് പ്ലസ്ടുവാണ് യോഗ്യത. ബി.ടെക്/ബിഇ/ഡിഗ്രി കോഴ്സുകൾക്ക് പ്ലസ്ടു ഫിസിക്സ്, മാത്സ് എടുത്ത് പഠിച്ചിരിക്കണം. ബി.ടെക്ക്, ബിഇ, ബിഎസ്സി, ഐടി, കപ്യൂട്ടർ സയൻസ് എന്നിവ പൂർത്തിയാക്കിയവർക്ക് ബിരുദാനന്തര പ്രോഗ്രാമുകൾക്ക് ചേരാം.

## സൈബർ സെക്യൂരിറ്റി



പണമിടപാടുകളും വിനിമയങ്ങളും പൂർണമായി ഡിജിറ്റൽ ഫോർമാറ്റിലേക്ക് മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സൈബർ അക്രമണങ്ങളും തട്ടിപ്പും അനുദിനം വർധിച്ചുവരുന്നു. ഡിജിറ്റൽ അക്രമണങ്ങളിൽ നിന്ന് കംപ്യൂട്ടർ/മൊബൈൽ സിസ്റ്റങ്ങൾ, നെറ്റ് വർക്കുകൾ, പ്രോഗ്രാമുകൾ മുതലായവ സംരക്ഷിക്കുന്നതിനുള്ള മേഖലയാണ് സൈബർ സെക്യൂരിറ്റി അഥവാ സൈബർ സുരക്ഷ. തന്ത്രപ്രധാനമായ വിവരങ്ങൾ അക്സസ് ചെയ്യുന്നതിനോ നശിപ്പിക്കുന്നതിനോ, മാറ്റുന്നതിനോ ലക്ഷ്യമിടുന്നവയാണ് സൈബർ അക്രമണങ്ങൾ. അക്രമണകാരികൾ കൂടുതൽ കരുത്തരായി മാറുന്ന ഈ കാലത്ത് സൈബർ സുരക്ഷയും കൂടുതൽ സങ്കീർണ്ണവും ഈ മേഖല കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്നതുമായി മാറികൊണ്ടിരിക്കുന്നു.

## മെക്കട്രോണിക്സ്



മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, സോഫ്റ്റ്‌വെയർ എന്നീ എൻജിനീയറിങ് ശാഖകളുടെ സംയോജിത ശാഖയാണ് മെക്കട്രോണിക്സ്. കംപ്യൂട്ടർ സയൻസ്, റോബോട്ടിക്സ്, ടെലികമ്മ്യൂണിക്കേഷൻ എന്നിവയും മെക്കട്രോണിക്സിന്റെ ഭാഗമാണ്.

## ഡാറ്റാ സയൻസ്




വൈവിധ്യമാർന്ന ഡാറ്റകൾ വിശകലനം നടത്തി. കൃത്യതയുള്ളതും ഫലപ്രാപ്തിയുള്ളതുമായ വിവരങ്ങൾ ആക്കി മാറ്റിയെടുക്കുന്ന ശാസ്ത്രമാണ് ഡാറ്റാ സയൻസ്. ഇതിനായി മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജെൻസ്, കംപ്യൂട്ടർ എൻജിനിയറിങ് എന്നീ മേഖലകളിൽ നിന്നുള്ള അടിസ്ഥാന തത്വങ്ങളും പ്രയോഗങ്ങളും ഉപയോഗപ്പെടുത്തുന്നു. അതുകൊണ്ടു തന്നെ ഒരു മൾട്ടി ഡിസിപ്ലിനറി ശാഖയാണിത്. വരും കാലങ്ങളിൽ വലിയ തോതിൽ തൊഴിലവസരങ്ങൾ പ്രതീക്ഷിക്കുന്ന ഒരു മേഖലകൂടിയാണിത്.

## റോബോട്ടിക്ക് ആന്റ് ഓട്ടോമേഷൻ



യാന്ത്രികമായ പ്രവർത്തിക്കാൻ കഴിയുന്ന രീതിയിൽ പ്രോഗ്രാം ചെയ്ത റോബോട്ടുകളും മെഷിനറികളും നിർമ്മിക്കുന്ന പ്രക്രിയയാണ് ഈ എൻജിനീയറിങ് ശാഖയിൽ പഠിക്കുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് തത്വത്തെ പ്രയോജനപ്പെടുത്തിയാണിത്. വിപുലമായ തൊഴിൽ സാധ്യതയാണ് ഈ മേഖലയിൽ പ്രതീക്ഷിക്കുന്നത്.

## മെഷീൻ ലേണിങ്



പ്രധാനമായും ആർട്ടിഫിഷ്യൽ ഇന്റലിജെൻസും കംപ്യൂട്ടർ സയൻസും ചേർന്നുള്ള ഒരു ശാഖയാണിത്. ഡാറ്റയും അൽഗരിതവും ഉപയോഗപ്പെടുത്തി മനുഷ്യൻ കാര്യങ്ങൾ ഗ്രഹിക്കുന്ന രീതി അനുകരിച്ച് അതിനേക്കാൾ മെച്ചമായ രീതിയിൽ കൃത്യത വരുത്തുന്ന സാങ്കേതിക വിദ്യയാണ് മെഷിൻ ലേണിങ്. ഡാറ്റാ സയൻസ്, റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് തുടങ്ങി പല മേഖലകളിലും മെഷീൻ ലേണിങ് പ്രയോജനപ്പെടുത്തുന്നു. ഭാവിയിൽ വലിയ സാധ്യതകൾ ഉള്ള മേഖലയാണിത്.

## റോബോട്ടിക്ക് എൻജിനീയറിങ് സ്ഥാപനങ്ങൾ



അമൃത വിശ്വവിദ്യാപീഠം (കൊല്ലം), സെന്റ് ഗിറ്റ്സ് (കോട്ടയം), മാർ അത്തനേഷ്യസ് (കോതമംഗലം), ആദി ശങ്കര ഇൻസ്റ്റിറ്റ്യൂട്ട് (എറണാകുളം), രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് (കോട്ടയം), ടിസ്റ്റ് (എറണാകുളം), ഹോളി ഗ്രേസ് അക്കാഡമി (തൃശൂർ) തുടങ്ങിയ എൻജിനീയറിങ് കോളജുകളിൽ റോബോട്ടിക്സിൽ നാല് വർഷ ബി.ടെക് ഡിഗ്രി കോഴ്സ് ഉണ്ട്. പ്ലസ്ടു കഴിഞ്ഞവർക്ക് കേരള കീം (KEAM) വഴി അഡ്മിഷൻ എടുക്കാം.

## സൈബർ സെക്യൂരിറ്റി സ്ഥാപനങ്ങൾ



അമിറ്റി യൂണിവേഴ്സിറ്റി (കൊച്ചി), ഐ ഐ ഐ ടി (കോട്ടയം), രാജഗിരി കോളജ് (കൊച്ചി), അമൃത (കൊല്ലം), ബോസ്റ്റൺ ഇൻസ്റ്റിറ്റ്യൂട്ട് (കൊല്ലം), ടോംസ് കോളജ് (കോട്ടയം), രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് (തിരുവനന്തപുരം), കോളജ് ഓഫ് എൻജിനീയറിങ് (തിരുവനന്തപുരം), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (കോഴിക്കോട്) എന്നിവിടങ്ങളിൽ സൈബർ സെക്യൂരിറ്റിയിൽ വിവിധ കോഴ്സുകൾ ഉണ്ട്. ബി.ടെക് പ്രോഗ്രാമുകളുടെ അഡ്മിഷൻ കീം വഴിയാണ്.

## കേരളത്തിലെ സ്ഥാപനങ്ങളും കോഴ്സുകളും

### 1. തൃശൂർ ഗവ. എൻജീനീയറിങ് കോളജ്

ഇവിടെ ബി.ടെക് ഇൻ കംപ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജെൻസിൽ നാല് വർഷ കോഴ്സ് ഉണ്ട്. ഫിസിക്സ്, മാത്തമാറ്റിക്സ്, കെമിസ്ട്രി എടുത്ത് പ്ലസ്ടു പാസായവർക്ക് KEAM എൻട്രൻസ് പരീക്ഷ എഴുതി ഈ കോഴ്സിന് അഡ്മിഷൻ നേടാം.

### 2. അമൃത വിശ്വവിദ്യാപീഠം

കൊല്ലം അമൃതപുരിയിലെ അമൃത വിശ്വാപീഠത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജെൻസിൽ നാല് വർഷ ബിടെക്ക് പ്രോഗ്രാമുണ്ട്. എഐയിൽ തിയറി, പ്രാക്ടിക്കൽ, ഇൻഡസ്ട്രി എക്സ്പോഷർ എന്നിവയോടൊപ്പം റോബോട്ടിക്സ്, എഐ എത്തിക്സ്, ഡാറ്റാ മൈനിങ് എന്നിവയും കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫിസിക്സ്, കെമിസ്ട്രി, മാത്സ് എടുത്ത് AEEE/JEE മെയിൻ പരീക്ഷ പാസായ പ്ലസ്ടുകാർക്ക് അപേക്ഷിക്കാം.

### 3. കുസാറ്റ്

കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ എംഎസ്സി ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ രണ്ട് വർഷ പിജി കോഴ്സ് നടന്നുവരുന്നു. ബിഎസ്സി മാത്തമാറ്റിക്സ്, കംപ്യൂട്ടർ സയൻസ്, ഫിസിക്സ് തുടങ്ങിയ വിഷയക്കാർക്ക് അപേക്ഷിക്കാം.

### 4. കലാം ടെക്നിക്കൽ യൂണിവേഴ്സിറ്റി

തിരുവനന്തപുരത്തുള്ള കലാം ടെക്നിക്കൽ യൂണിവേഴ്സിറ്റി (KTU) യിൽ ആർട്ടിഫിഷ്യൽ ഇന്റലിജെൻസിൽ രണ്ട് വർഷ എംടെക് പ്രോഗ്രാം നടന്നുവരുന്നു. സൈബർ സെക്യൂരിറ്റി, എഐ ടെക്നോളജീസ്, എഐ ലേണിങ്, എഐ നെറ്റ്‌വർക്ക് തുടങ്ങിയവ സിലബസിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജെൻസുമായി ബന്ധപ്പെട്ട കമ്പനികളിൽ റിസേർച്ച് പ്രൊജക്ടും സിലബസിന്റെ ഭാഗമായി നടത്തുന്നു. ബി.ടെക്, ബി.ഇ ബിരുദക്കാർക്ക് അപേകഷിക്കാം.

### 5. ഐഐഐടി കോട്ടയം

കോട്ടയം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയിൽ ആർട്ടിഫിഷ്യൽ ഇന്റലിജെൻസിൽ രണ്ട് വർഷത്തെ എം.ടെക് പ്രോഗ്രാമുണ്ട്. മെഷീൻ ലേണിങ്, ലാംഗ്വേജ് പ്രൊസസിങ്, എഐ എത്തിക്സ് തുടങ്ങിയവ കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കംപ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് തുടങ്ങിയ വിഷയങ്ങളിൽ ഡിഗ്രി ഉള്ളവർക്ക് അപേക്ഷിക്കാം.

### 6. ഐസിടി അക്കാദമി

തിരുവനന്തപുരം ടെക്നോപാർക്ക് ആസ്ഥാനമായുള്ള ഐസിടി അക്കാദമി ഓഫ് കേരളയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ ആറു മാസം ദൈർഘ്യമുള്ള പ്രൊഫഷണൽ ഡിപ്ലോമ കോഴ്സ് ഉണ്ട്. എഐ, മെഷിൻ ലേണിങ്, പൈത്തൺ പ്രോഗ്രാം എന്നിവയുടെ അടിസ്ഥാന തത്വങ്ങൾ ഈ കോഴ്സിൽ ഉൽക്കൊള്ളിച്ചിരിക്കുന്നു. കംപ്യൂട്ടർ പ്രോഗ്രാമിൽ പരിചയവും ഡിഗ്രി യോഗ്യതയുള്ളവർക്കും കോഴ്സിന് ചേരാം. പ്രൊഫഷണൽ മേഖലയിൽ ജോലിയുള്ളവർക്ക് ഓൺലൈനായും കോഴ്സ് ചെയ്യാം. ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻസ് മന്ത്രാലയത്തിന് കീഴിലാണ് ഐസിടി അക്കാദമി.

### 7. എൻഐടി

കോഴിക്കോട് എൻഐടിയിൽ മൂന്ന് മുതൽ ആറ് മാസം വരെ ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ ആർട്ടിഫിഷ്യൽ ഇന്റലിജെൻസിലും മെഷീൻ ലേണിങ്ങിനും ഉണ്ട്. കംപ്യൂട്ടർ പ്രോഗ്രാമിങ് അറിയുന്നവർക്ക് കോഴ്സിന് ചേരാം. ഓൺലൈൻ ഓഫ്‌ലൈൻ മോഡുകളിൽ കോഴ്സ് നടത്തുന്നു.

### 8. സ്കിൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്

കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ കീഴിലുള്ള സ്കിൽ ഡവലെപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ (SDI) ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് ആന്റ് മെഷീൻ ലേണിങ്ങിൽ മൂന്ന് മുതൽ ആറ് മാസം വരെ ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ ഉണ്ട്. എഐ ടൂൾസ്, ഡാറ്റാ സയൻസ്, ബേസിക്ക് മെഷീൻ ലേണിങ് എന്നിവ കോഴ്സിന്റെ ഭാഗമാണ്. ബേസിക്ക് കംപ്യൂട്ടർ പ്രോഗ്രാമിങ് അറിയുന്നവർക്ക് കോഴ്സിന് ചേരാം.

# കോഴിക്കോട് സിറ്റി സെന്റ് ജോസഫ്സ് ദൈവാലയത്തിൽ







ബ്രദർ സാബു ആറുതൊട്ടിയിൽ നയിക്കുന്ന

# ബൈബിൾ കൺവെൻഷൻ

## 2025 ജനുവരി 22 മുതൽ 26 വരെ

**വൈകുന്നേരം 4.30 മുതൽ ആരംഭിക്കുന്നു. ഏവർക്കും സ്വാഗതം**

---

# START

**ST THOMAS ACADEMY FOR RESEARCH & TRAINING**
NETHAJI NAGAR, KOTTOOLI, KOZHIKODE-16
(Diocese of Thamarassery)

☎ +91 495 2357843 +91 9037107843 +91 9744458111
office@startindia.org startcalicut22@gmail.com

2025–2026 അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു



**അഖിലേന്ത്യാതലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കേന്ദ്ര സർവകലാശാലകളിലും മറ്റ് പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലും (IITs, NITs, IIMs) അഡ്മിഷൻ നേടി, മികവുറ്റവിധം പഠനം പൂർത്തിയാക്കി, നേതൃപദവികളിൽ എത്തുവാൻ പ്ലസ്ടുവിനോടൊപ്പവും പ്ലസ്ടുവിന് ശേഷവും കുട്ടികളെ ഒരുക്കുന്ന കോഴ്സുകൾ**

## OUR PROGRAMMES

● Professional Foundation Training (PFT) -1 year after Plus Two ● Integrated +2 (Humanities & Commerce) - 30 Seats Each ● CUET ● KEAM ● CUSAT ● CAT ● CLAT ● IPM ● NID ● AI & PYTHON ● NDA - Technical & Non-Technical ● International Care Certificate Course - 3 Months

## SALIENT FEATURES OF START TRAINING

● മാതാപിതാക്കളുടെയോ സഹപാഠികളുടെയോ നിർബന്ധം മൂലമോ, ഉപരിപഠന മേഖലയെ പറ്റിയുള്ള അറിവിന്റെ കുറവുകൊണ്ടോ, സ്വന്തം അഭിരുചിക്ക് ചേരാത്ത വിഷയങ്ങൾ തിരഞ്ഞെടുത്ത് ഉപരിപഠനത്തിന് പോകുന്ന വിദ്യാർത്ഥികൾ നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. ഈ സാഹചര്യത്തിൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിലൂടെ ഓരോ വിദ്യാർത്ഥികളിലും അന്തർലീനമായ കഴിവുകളും അഭിരുചികളും കണ്ടെത്തുവാനും അതിനു അനുയോജ്യമായി മാത്രം ഉപരിപഠനത്തിനുള്ള വിഷയങ്ങളും സ്ഥാപനങ്ങളും തിരഞ്ഞെടുക്കുവാനും സ്റ്റാർട്ട് കുട്ടികളെ സഹായിക്കുന്നു.

● ശാസ്ത്രം, കൊമേഴ്സ്, ഹ്യുമാനിറ്റീസ് വിഷയങ്ങൾ നമുക്ക് മുന്നിൽ തുറക്കുന്നത് അവസരങ്ങളുടെ അനന്തജാലകങ്ങളാണെന്ന വസ്തുത കുട്ടികൾക്ക് മനസിലാക്കി കൊടുക്കുവാനും അതുവഴി തങ്ങൾക്ക് അസ്വാദ്യകരമായ വിഷയങ്ങൾ എടുത്ത് പഠിക്കുവാനുമുള്ള ആത്മവിശ്വാസവും സ്റ്റാർട്ട് വിദ്യാർത്ഥികൾക്ക് നൽകുന്നു.

● ഉപരിപഠനം നടത്തുന്ന കുട്ടികൾക്ക് വേണ്ടി ദേശീയ അന്തർദേശീയ തലങ്ങളിൽ നിരവധി സ്കോളർഷിപ്പുകൾ ലഭ്യമാണ്. ഈ സാധ്യതകൾ കണ്ടെത്തി തങ്ങളുടെ കഴിവിനും വ്യക്തിത്വത്തിനും അനുയോജ്യമായ തൊഴിൽ മേഖലകൾ തിരഞ്ഞെടുക്കുവാൻ ഈ കോഴ്സുകൾ സഹായിക്കുന്നു

● ആധുനിക കാലഘട്ടത്തിന്റെ മാറ്റങ്ങളെ തിരിച്ചറിഞ്ഞു കൊണ്ട് കാലോചിതമായ പല കോഴ്സുകളും സ്റ്റാർട്ട് വിദ്യാർത്ഥികൾക്കായി നൽകുന്നു. പരീക്ഷകൾ മാത്രം ലക്ഷ്യം വെച്ചുള്ള പഠനമല്ല മറിച്ച് ഒരു വ്യക്തിയുടെ സമഗ്രമായ വളർച്ചയ്ക്ക് ഉതകുന്ന എല്ലാ വിഷയങ്ങളും ഈ കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

● ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനും സിവിൽ സർവീസ്, NET, SET, TET, UPSC, PSC തുടങ്ങിയ എല്ലാ മത്സര പരീക്ഷകൾക്കും ഈ പരിശീലനം ഏറ്റവും നല്ല ഒരുക്കമാണ്.

**RESIDENTIAL PLUS TWO BATCHES- COMMERCE & HUMANITIES**

Start offers plus one and plus two residential course (Kerala board) for girls and boys from June 2025

**LANGUAGES** (For both Humanities and Commerce)

● English ● Malayalam/ Hindi

**COMMERCE STREAM:** 30 seats

● Accountancy ● Business studies ● Economics ● Political Science

**HUMANITIES STREAM:** 30 seats

● History ● Sociology ● Economics ● Political science

**MEDIUM OF INSTRUCTION ENGLISH**

www.startcare.net / www.startindia.org

www.fedar.in
info@fedar.in

FEDAR™
CATHOLIC RESIDENTIAL SCHOOL

FEDAR Catholic Residential School
Under The FEDAR Foundation,
The Diocese of Mananthavady



## 2025 പ്ലസ് വൺ സയൻസ് ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

### സീറ്റുകൾ പരിമിതം

ഇരുപത്തിരണ്ട് മാസങ്ങൾ കൊണ്ട് കുട്ടികളിൽ പഠനപരമായ താത്പര്യവും ഭാവിയിലേക്കുള്ള തൊഴിൽപരമായ വൈദഗ്ധ്യവും വളർത്തുന്ന പ്രത്യേക പഠന- പരിശീലന പദ്ധതി

### ഞങ്ങളുടെ പ്രത്യേകതകൾ

- വൈകാരികവും മനശാസ്ത്രപരവുമായ രൂപീകരണം
- ആത്മവിശ്വാസം വർദ്ധിപ്പിക്കാനും വ്യക്തിത്വം രൂപീകരിക്കാനും സഹായകമായ സെഷനുകൾ
- വിശ്വാസപരവും ധാർമ്മികവുമായ പരിശീലനം
- കൃത്യമായ ടൈംടേബിളനുസരിച്ചുള്ള പ്രോഗ്രാമുകൾ
- എല്ലാ മാസവും വിദഗ്ധർ നയിക്കുന്ന കരിയർ ഓറിയന്റേഷൻ സെഷനുകൾ
- IELTS, German ഭാഷകളുടെ പരിശീലനം
- ആധുനിക കമ്പ്യൂട്ടർ ലാബും മികച്ച ലൈബ്രറിയും
- വൈദികരടക്കമുള്ള പ്രഗത്ഭരായ അദ്ധ്യാപകർ
- ഇൻഡസ്ട്രി വിസിറ്റുകൾ
- മത്സരപരീക്ഷകൾക്കുള്ള ഒരുക്കം (PSC, UPSC, NEET, CAT, JEE, CUSET etc.)

ENROLL NOW

FEDAR™ FOUNDATION
COMPANION TO YOUR FUTURE

**അന്വേഷണങ്ങൾക്കും അഡ്മിഷനും**
+91 6238862380 (ഫാ. റിൻസൺ പോൾ നെല്ലിമലയിൽ)
+91 9400919676 (ഫെഡാർ ഫൗണ്ടേഷൻ ഓഫീസ്)

Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Roni Paul Kavil